# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



## കർത്താവിൽ പ്രിയരേ,

കർത്താവിന്റെ കൃപ നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ

2014 മാർച്ചു ലക്ക ജാമക്കാരൻ വളരെ താമസിച്ചു ധാരാളം അക്ഷരത്തെറ്റുകളോടെ നിങ്ങളുടെ കൈകളിൽ കിട്ടി. കഴിഞ്ഞ നാലുമാസങ്ങളായി ഞാൻ വീട്ടിൽ ആഴ്ചയിൽ ഒരു ദിവസം മാത്രം താമസിച്ചു; ദൈവവേല കാരണമായി ഇൻഡ്യമുഴുവനും അലഞ്ഞുകൊിരുന്നു. ദൈവവേലയ്ക്ക് എവിടെ പോയാലും ആലോചനയ്ക്കായും പ്രാർത്ഥനയ്ക്കായും ധാരാളം പേർ വന്നതുകൊു മാസികയ്ക്കു വേി വാർത്തകൾ എഴുതാനും ചോദ്യങ്ങൾക്കു ഉത്തരം ജാമക്കാരനിൽ എഴുതാനും സമയം ലഭിക്കാതെ പോയി. മാർച്ചു മാസ മാസിക മാത്രമാണു പുതിയ ആളുകളെക്കൊു ടൈപ്പുചെയ്യിച്ചു തെറ്റുകൾ നോക്കാൻ സമയം ഇല്ലാതെ അച്ചടിച്ചു അയക്കേി വന്നതു.

പരീക്ഷയിൽ പാസ്സായ എല്ലാ വായനക്കാരുടെ മക്കൾക്കായും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഉന്നതപഠിത്തത്തിനായി തെരഞ്ഞെടുക്കാനുള്ള വിഷയങ്ങൾ ജ്ഞാനത്തോടെ തെരഞ്ഞെടുക്കാനും തുടർന്നു പഠിക്കാനുള്ള പണ ആവശ്യങ്ങൾക്കായും തുടർന്നു പ്രാർത്ഥിക്കുന്നു.

ജോലിക്കായി പ്രാർത്ഥനാകുറിപ്പുകൾ അയച്ചവർക്കായും പുതിയ സ്കൂൾ വർഷത്തിൽ പഠിക്കാൻ പോകുന്ന എല്ലാവർക്കായും ഞാൻ പ്രാർത്ഥിക്കുന്നു.

ഇൻഡ്യയിലെ പുതിയ ഭരണത്തെ ഓർത്ത് എല്ലാവരും പ്രാർത്ഥിക്കണേ.

ദൈവം നിങ്ങൾ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

*ഡോ. പുഷ്പരാജ്*

# MAY 2014

# ഏതു സഭ സ്വർഗ്ഗത്തിൽ പോകും?

**Selected**

ഇന്നു ലോകത്തിൽ **16,000** ൽ അധികം ഡിനോമിനേഷനുകൾ (wikipedia.org/congregational-church /wikipedia.org/list of christian-denominations) ഉള്ള സഭകൾ ഉു. കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു തന്റെ ജീവനെ കൊടുത്തതു 16,000 ൽ അധികം ഉപദേശങ്ങൾ ഉള്ള സഭകൾ ആരംഭിക്കാൻ അല്ല. അവന്റെ സഭയെ ഈ ഭൂമിയിൽ 12 പേരെക്കൊു ആരംഭിച്ചു.

**ആ സഭ ഇപ്പോൾ എവിടെ ഉു. ചിലർ ആ സഭ ഞങ്ങളാണെന്നു പറഞ്ഞു നെഞ്ചത്തടിക്കുന്നു. ഞങ്ങളാണു സ്വർഗ്ഗത്തിൽ പോകാനും ചെറിയ ആട്ടിൻകുട്ടിയായിരിക്കാനും യോഗ്യതയുള്ളവർ എന്നു പറയുന്നു.**

ഇതിൽ പ്രത്യേകമായി യഹോവ വിറ്റ്നസ്, ദി പെന്തക്കോസ്തേ മിഷൻ (TPM) Open Bible Student Church എന്നു വിളിക്കപ്പെടുന്ന സഭപോലെ ഇനിയും മറ്റു ചില വിഭാഗക്കാർ ഞങ്ങളാണു ശരിയായ സഭ എന്നു പറയുന്നു. ഞങ്ങളെ ഒഴിച്ചു മറ്റു യാതൊരു സഭയ്ക്കും സ്വർഗ്ഗത്തിൽ പോകാൻ സാധ്യമല്ല എന്നും പറയുന്നു. ഇങ്ങനെ ഉള്ളവർക്കുള്ളിലും ഏതു സഭ സ്വർഗ്ഗത്തിൽ പോകും എന്നതിൽ മത്സരം നടക്കുന്നു.

ഇങ്ങനെയുള്ളവർ മറ്റു ക്രൈസ്തവരെ **നാമധേയ ക്രൈസ്തവർ** എന്നും വീണുപോയ സഭ എന്നും പറഞ്ഞു, ഇങ്ങനെയുള്ളവരെ ദൈവം വിളിച്ചിട്ടില്ല, നമ്മെ മാത്രമേ ദൈവം വിളിച്ചിട്ടുള്ളൂ എന്നും മറ്റു സഭകളോടു നാം ചേരുകയോ സഹോദരസ്നേഹം വളർത്താനോ പാടില്ല എന്നു പറഞ്ഞു ക്രിസ്തുവിന്റെ സഭയുടെ അസ്ഥിവാരമായ **സ്നേഹത്തെ** ഉപേക്ഷിച്ചു, അടിസ്ഥാനം തന്നെ ഇല്ലാതെ ഇരിക്കുന്ന ഇങ്ങനെ പറയുന്ന ഇവർ എങ്ങനെയാണു സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുന്നത്.

ഞാൻ ഒരു സഹോദരനോടു **സഭകളുടെ പേരു** വരിയായി പറയാൻ പറഞ്ഞു. അദ്ദേഹം ആർ.സി സഭ, സി.എസ്.ഐ സഭ, പെന്തക്കോസ്തു സഭ, എ.സി സഭ, എ.ജി. സഭ, എ.സി.എ സഭ, എ.എഫ്.റ്റി സഭ, മെഥഡിസ്റ്റ് സഭ, ബാപ്റ്റിസ്റ്റ് സഭ, ഓൻലി ജീസസ് സഭ, സെവൻത് ഡേ സഭ എന്നു പറഞ്ഞു. ഇവകളല്ലാതെ വേറെ സഭകളെപ്പറ്റി നിങ്ങൾ കുറച്ചു പറയണേ...ഓ ഇത്രത്തോളം സഭകൾ ഉോ മറ്റെ വ്യക്തി പറഞ്ഞതുപോലെ അദ്ദേഹം അനേക സഭകളുടെ പേരുകൾ അടുക്കടുക്കായി പറഞ്ഞു കൊേ പോയി.

**ഇതിൽ ഏതു സഭ സ്വർഗ്ഗത്തിൽ പോകും?** എന്നു ഞാൻ ചോദിച്ചു. ആ സഭയിൽ ഞാനും ചേരുന്നു എന്നും പറഞ്ഞു. അദ്ദേഹം: എല്ലാ സഭകളും സ്വർഗ്ഗത്തിൽ പോകും എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ എന്തുകൊു ഒരേ വിധത്തിലുള്ള വേദപുസ്തകം വച്ചു കൊു എന്റെ സഭ വലുതോ, നിന്റെ സഭ വലുതോ? എന്നുള്ള വാഗ്വാദം ചെയ്തു കൊും,

ഒരു സഭ, മറ്റൊരു സഭയെ ആക്രമിച്ചു സംസാരിച്ചു കൊും, ഇവർ നമ്മുടെ സഭയിൽ ചേരാത്തവർ, അതുകൊു **അവർ പോകുന്ന സഭയിൽ പോകേ** എന്നും പറയുന്നതു? ഏതു സഭയിൽ വേണമെങ്കിലും പോകുവിൻ, എല്ലാ സഭയും സ്വർഗ്ഗത്തിൽ തന്നെയാണു പോകുന്നതു എന്നു പറയേതു(ഉപദേശിക്കേതു)തന്നെയല്ലേ എന്നു ഞാൻ ചോദിച്ചു. അദ്ദേഹം വായടച്ചു നിന്നു(രുസഭ ക ശ്വിട്ടുകളഞ്ഞു-നിയമസഭ,ഐക്യനാടു സഭ).(ഇനിയുംഉ്സഭകൾ-ഗ്രാമസഭ,ശൈവപ്രകാശസഭ).

# സഭ (ആലയം) എന്നാൽ എന്ത്?

സഭ (ആലയം) എന്നു പറയുന്നതു ഒരു കെട്ടിടം അല്ല. സഭ എന്നു പറയുന്നതു ക്രൈസ്തവ വിശ്വാസികൾ കൂടി വരുന്ന സ്ഥലം. ക്രൈസ്തവർ എല്ലാവരും കൂടി വരുന്ന സ്ഥലം, അതു ആലയമാകയില്ല. കൈകളാൽ കെട്ടപ്പെട്ട ആലയത്തെ കർത്താവും ആഗ്രഹിക്കുന്നില്ല. മനുഷ്യകൈകളാൽ കെട്ടപ്പെടാത്ത ഒരു ആലയം ഉ്.

അതിൽ വസിക്കാനാണു ദൈവം ആഗ്രഹിക്കുന്നതു. ആ ആലയം നിങ്ങൾ തന്നെ. അതുകൊു, **"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?** (1 കൊരി:3:16) എന്നു പൌലൊസ് ചോദിക്കുന്നു.

◇ **നാം തന്നെയാണു ആലയം.** ഇതിനെയാണു കർത്താവായ യേശുക്രിസ്തു ഒരു ആലയം പണിയുന്നതുപോലെ നമ്മെ പണിതു വരുന്നു......"ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18).

ശലോമോൻ **ദൈവാലയം പണിതപ്പോൾ** കല്ലുവെട്ടുന്ന ഉളിശബ്ദം പോലും കേട്ടില്ല. കാരണം കല്ലുപൊട്ടിക്കുന്ന (മലകളിൽ) ക്വാറിയിൽ വച്ചു തന്നെ, ആവശ്യമുള്ള അളവിനു തക്ക കല്ലുകൾ ഉടച്ചു അതിനെ നന്നായി മിനുക്കിയശേഷം ആലയം ഇരിക്കേ സ്ഥലത്തിൽ അതിന്റെ അളവിനു തക്കവണ്ണം കല്ലുകൾ വച്ചു **ആദ്യത്തെ ആലയം** പണിതു.

അതുപോലെ തന്നെ നമ്മെയും ലോകത്തിന്റെ പാപത്തിൽ നിന്നു വേർപിരിച്ചെടുത്തു ദൈവത്തിനായി നമ്മെയും ദൈവസാദൃശത്തിൽ ശരിയായ അളവായി ചെതുക്കി, നീതിമാനായി നടക്കാൻ നമ്മെ മിനുസപ്പെടുത്തി. അതിനുശേഷം നമ്മെ സ്വർഗ്ഗലോകത്തിലേക്കു ക്ഷണിച്ചുകൊുപോയി ദൈവത്തിന്റെ ആലയമായി മാറ്റുന്നു. അതുകൊാണു നാം **ജീവനുള്ള കല്ലുകളായി** ഇരിക്കുന്നു എന്നു 1 പത്രൊസ് 2:5 ൽ വായിക്കുന്നതു.

ലോകത്തിൽ 16,000 ൽ അധികം ക്രൈസ്തവ സഭകൾ പിരിഞ്ഞു കിടക്കുന്നു. ഇതിൽ യേശുക്രിസ്തു തന്റെ ശിഷ്യന്മാരായ 12 പേരെക്കൊു ആരംഭിച്ച സഭ ഏത്? അതു ഇപ്പോഴും എവിടെ ഇരിക്കുന്നു എന്ന സത്യം ഈ അവസാനകാലത്തിൽ വെളിവായിക്കൊിരിക്കുന്ന ദൈവരഹസ്യങ്ങൾ നിങ്ങളോടു പറയാൻ ദൈവം ഈ പ്രസംഗം മൂലം പ്രയോജനപ്പെടുത്തുന്നു. ദൈവത്തിനു മാത്രം മഹിമ ഉാകട്ടെ. ഇതിനു വേി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

വരുംകാലങ്ങളിൽ ദൈവത്തിനു ആരെ വേണമെങ്കിലും എന്നെപ്പോലെ എടുത്തു പ്രയോജനപ്പെടുത്താം.

യേശുക്രിസ്തു ആദ്യം ആരംഭിച്ച സഭ കാലക്രമേണ പിരിയാൻ ആരംഭിച്ചു. അപ്പൊസ്തലന്മാരുടെ കാലത്തിൽ തന്നേ ഞാൻ **പൌലൊസിന്റെ** പക്ഷക്കാരൻ ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നു പറയാൻ ആരംഭിച്ചു.

"ഒരുത്തൻ - ഞാൻ പൌലൊസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ? അപ്പൊല്ലോസ് ആർ? പൌലോസ് ആർ? തങ്ങൾക്കു കർത്താവു നൽകിയതുപോലെ **നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷക്കാരത്രേ**. ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കിയതു (1 കൊരി: 3:4-6).

ഇനിയും ചിലർ ഞാൻ ആ പാസ്റ്ററുടെ സഭ, ഈ പാസ്റ്ററുടെ സഭ എന്നു പറഞ്ഞുവരുന്നു. നാം ഒരു കാര്യം മനസിലാക്കിയിരിക്കണം. **പാസ്റ്റർ സഭ അല്ല,** പാസ്റ്ററും വിശ്വാസികളെപോലെ ക്രൈസ്തവസഭയിൽ ഒരു അംഗം മാത്രം.

നിങ്ങൾ ഒരു സഭയിൽ ചേർന്ന ഉടൻ **നിങ്ങളുടെ പേരു** സഭയിലെ **റെക്കാർഡു പുസ്തകത്തിൽ** ചേർക്കുന്നു. ഇതു മുഖാന്തിരം എന്തു നടക്കും എന്നു ചോദിച്ചാൽ നമ്മുടെ വീട്ടിൽ നടക്കുന്ന എല്ലാ കാര്യങ്ങൾക്കും ആ സഭയിൽ ഉള്ള പാസ്റ്ററോ അല്ലെങ്കിൽ സഹപാസ്റ്ററോ വന്നു പ്രാർത്ഥിക്കും. ഒരു പക്ഷേ മരണം സംഭവിച്ചാൽ കല്ലറ ലഭിക്കും. ഇതിനുവേിയാണു പേരു രജിസ്റ്റർ ചെയ്യുന്നതു. രജിസ്റ്റർ ചെയ്തില്ലെങ്കിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ ഒന്നും നടക്കയില്ല. ഇതിനുവേിയാണു വിശ്വാസികൾ തങ്ങളുടെ പേരു സഭകളിൽ രജിസ്റ്റർ ചെയ്യുന്നതു.

എന്നാൽ ലോകസഭാപുസ്തകത്തിൽ മാത്രം നിങ്ങളുടെ പേരെഴുതിയിരുന്നാൽ **സ്വർഗ്ഗത്തിൽ** പോകാൻ സാധ്യമല്ല. ക്രിസ്തുവിന്റെ സഭയിലും പേർ എഴുതപ്പെട്ടിരിക്കണം. **"സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ദൈവമായ....."** (എബ്രായർ 12:23).

സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കണം. നിങ്ങളുടെ പേരും സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നുവോ? എന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുോ? അല്ലെങ്കിൽ സ്വർഗ്ഗത്തിൽ എന്റെ പേരു എഴുതപ്പെടാൻ ഞാൻ എന്തുചെയ്യണം എന്നെങ്കിലും നിങ്ങൾ ചോദിച്ചിട്ടുോ? സ്വർഗ്ഗത്തിൽ നമ്മുടെ പേർ എഴുതപ്പെടുന്നതിനു നാം ഒരു സാധാരണകാര്യം ചെയ്യണം. ദൈവത്തിനു ഇഷ്ടമില്ലാത്തതും വചന അടിസ്ഥാനം ഇല്ലാത്തതുമായ അനേകകാര്യങ്ങൾ നാം ഉപേക്ഷിക്കണം.

ഇതു യേശുക്രിസ്തു ഉാക്കിയ സഭ, ഇതാണു സ്വർഗ്ഗത്തിൽ പോകുന്ന സഭ. ഈ സഭയുടെ അംഗങ്ങളായിട്ടു നാം ഇരിക്കേണം.

## ക്രിസ്തുവിന്റെ സഭ:

**ക്രിസ്തുവിന്റെ സഭ** എന്ന പേരു വച്ചതുകൊുമാത്രം അതു ക്രിസ്തുവിന്റെ സഭ ആകുകയില്ല. ഭൂമിയിൽ ഉള്ള പല സഭകളെ പോലെ അതും ഒന്നുതന്നേ. ക്രിസ്തുവിന്റെ സഭയിൽ മൂന്നുഭാഗങ്ങൾ ഉ. വിശ്വാസികൾക്കുള്ളിൽ തന്നെ വ്യത്യാസം ്.

ഇതു യാതൊരുവിധ മാനുഷിക പ്രവൃത്തിയും അല്ല. ഇതു ദൈവത്താൽ ഉായതാകുന്നു. മൂന്നു ഭാഗങ്ങൾ എന്നു പറഞ്ഞാൽ **മൂന്നു കൂട്ടങ്ങൾ**. ക്രിസ്തുവിന്റെ സഭ **മൂന്നു കൂട്ടങ്ങളായി** ഉ്. ഇതിൽ നാം ഏതു കൂട്ടത്തിൽ ഇരിക്കുന്നു എന്നു നോക്കണം.

**മൂന്നുകൂട്ടങ്ങൾ:-** മത്തായിയുടെ സുവിശേഷത്തിൽ രു കൂട്ടങ്ങളെപ്പറ്റി യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. "വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം" (മത്തായി 22:14).

**ഒന്നാമത്തെ കൂട്ടം:**

അനേകരെ ക്ഷണിച്ചു. **അതിൽ ചിലരെ തിരഞ്ഞെടുത്തു. വിളിക്കപ്പെട്ടവർ അനേകർ** എന്നു പറഞ്ഞതല്ലാതെ, എല്ലാവരെയും വിളിച്ചു എന്നു പറഞ്ഞിട്ടില്ല. ലോകത്തിൽ നിന്നു അനേകരെ വിളിച്ചു. എന്നാൽ അവൻ ലോകരെ വിളിച്ചില്ല. അവർക്കു ദൈവത്തെ അറിയാൻ പാടില്ല. അതിനെപ്പറ്റി പറഞ്ഞാലും മനസിലാവുകയില്ല. ദൈവത്തിന്റെ സ്വരൂപമായിരിക്കുന്ന ക്രിസ്തുവിന്റെ മഹിമയായ സുവിശേഷത്തിന്റെ പ്രകാശം അറിയാതിരിക്കാൻ ഈ പ്രപഞ്ചത്തിന്റെ ദൈവം (സാത്താൻ) അവരുടെ മനസിനെ കുരുടാക്കി.

ഇപ്രകാരം കുരുടരായിരുന്ന നമ്മുടെ കണ്ണുകളെ വചനം മൂലം **ദൈവം തുറന്നു**. അതു നിമിത്തം യേശുക്രിസ്തുവിനെ സ്വന്തരക്ഷകനായി നാം സ്വീകരിച്ചു. നമ്മെ മാത്രമേ ലോകത്തിൽ നിന്നു പിരിച്ചുള്ളൂ. പാപത്തിൽ നിന്നു രക്ഷിച്ചു. സുവിശേഷം പറഞ്ഞു അതുമുഖാന്തിരം അനേകരെ ക്ഷണിച്ചു. ഇപ്രകാരം സുവിശേഷം മൂലം യേശുക്രിസ്തുവിനെ മനസിലാക്കി, അവനെ വിശ്വസിച്ചു, ലോകത്തിൽ നിന്നു വന്നവരാണു വിളിക്കപ്പെട്ടവർ എന്നു വേദപുസ്തകം പറയുന്നു. ഇവർ നീതിമാനാക്കപ്പെട്ടവർ. ഇവരാണു ദൈവത്തിൽ നിന്നു സമാധാനം പ്രാപിച്ചവർ.

"വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉു" (റോമർ 5:1).

ഇവരാണു പരമവിളിക്കു പങ്കുള്ളവരായി **വിളിക്കപ്പെട്ടവർ** എന്നു എബ്രായർ 3:1 ൽ നാം വായിക്കുന്നു. ഇതു തന്നെയാണു ദൈവം വിളിച്ച പരമവിളി എന്നു ഫിലിപ്പ്യർ 3:14 ൽ നാം വായിക്കുന്നു. ഇവരാണു **ഒന്നാമത്തെ കൂട്ടർ** (വിളിക്കപ്പെട്ടവർ).

**രാമത്തെ കൂട്ടം:**

**തിരഞ്ഞെടുക്കപ്പെട്ടവർ:** വിളിക്കപ്പെട്ടവർ നല്ല വിശ്വാസികൾ, എല്ലാം വിശ്വസിക്കും. എന്നാൽ ഇവർ **പൂർണ്ണമായി ഏല്പിച്ചു കൊടുക്കയില്ല**. ഇവരാണു വിളിക്കപ്പെട്ടവർ. ഇവർക്കു വിശ്വാസം ഉു. എന്നാൽ **പ്രവൃത്തി ഇല്ല. പ്രവൃത്തി ഇല്ലാത്ത വിശ്വാസം** ചത്തതായിരിക്കുന്നു.

"അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാതായാൽ സ്വതവേ നിർജ്ജീവമാകുന്നു" (യാക്കോബ് 2:17).

"ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതു പോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു" (യാക്കോബ് 2:26).

വിശ്വാസത്താൽ നീതികരിക്കപ്പെട്ടു. എന്നാൽ യേശുക്രിസ്തു പറഞ്ഞതുപോലെ **തന്റെ ജീവനെ തരണം.** അങ്ങനെ അനേകർ ചെയ്യാറില്ല. യേശുക്രിസ്തുവിനെ അങ്ങനെ നാം പിൻതുടരാൻ സാധ്യമല്ല എന്നു പറയുന്ന ക്രൈസ്തവർ ഉു. **ഇടുക്കമായ വഴിയിൽ** വരാൻ ദൈവം നമ്മെ വിളിച്ചാൽ സമയം ചോദിക്കുന്ന ക്രൈസ്തവർ ഉു.

അധികവും വർഷത്തിൽ **മൂന്നു തവണമാത്രം** സഭയിൽ പോകുന്ന ക്രൈസ്തവരും ഉു (ക്രിസ്മസ്, പുതുവത്സരം, ഈസ്റ്റർ). ഈ നാളുകളിൽ ഇവർക്കായി സഭയിൽ വിശേഷമായ പന്തൽ ക്രമീകരിച്ചിരിക്കും. ഇവർ വിശേഷനാളുകളിൽ മാത്രം സഭയിൽ വരുന്ന ക്രൈസ്തവരാകുന്നു. ഇവരെ മറ്റു നാളുകളിൽ നടക്കുന്ന ആത്മീയപ്രാർത്ഥന ഐക്യത്തിലോ, ഉപവാസകൂട്ടത്തിലോ, കൺവെൻഷൻ കൂട്ടത്തിലോ കാണാൻ സാധ്യമല്ല.

എന്നാൽ ആരെല്ലാം യേശുക്രിസ്തുവിനെ വിശ്വസിച്ചു, അവൻ ചെയ്തതുപോലെ തന്നെയും **ജീവബലമായി സമർപ്പിച്ചു തന്നെത്തന്നെ വെറുത്തു, തന്റെ ക്രൂശു** എടുത്തുകൊു യേശുക്രിസ്തുവിനെ അനുഗമിക്കുന്നുവോ **അവരാണു തെരഞ്ഞെടുക്കപ്പെട്ടവർ.** ഇവർ വെള്ളത്തിൽ **ജ്ഞാനസ്നാനം** എന്നുള്ള അടയാളം പ്രാപിച്ചിരിക്കണം.

ഇതാണു ജീവബലി. "സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമർ 12:1).

യേശുക്രിസ്തു നമ്മെ നോക്കി നിങ്ങൾ എന്നെ വിശ്വസിച്ചാൽ മതി എന്നുമാത്രം പറഞ്ഞില്ല. **ശിഷ്യ നാകണം** എന്നു പറഞ്ഞു. നമ്മുടെ കർത്താവു മരിച്ചു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു പോകുന്ന തിനുമുമ്പു പറഞ്ഞ വാക്കു എന്താണെന്നു വച്ചാൽ......

**ആകയാൽ നിങ്ങൾ പുറപ്പെട്ടു, സകലജാതികളെയും ശിഷ്യരാക്കി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും .......(മത്തായി 28:19, 20).**

അതുകൊു നാം വിശ്വാസിയായിരുന്നാൽ മാത്രം പോര, ശിഷ്യനാകണം.

**മൂന്നാമത്തെ കൂട്ടം: എങ്ങനെ ശിഷ്യരാകണം?**

നമുക്കു എല്ലാം **യേശുക്രിസ്തു തന്നേ.** യേശുവിനെക്കാൾ മുഖ്യമായതു ഈ ലോകത്തിൽ ഒന്നുമില്ല. നമ്മെക്കാളും യേശുവിനോടു സ്നേഹം കാണിക്കണമല്ലോ. ഇതു നമ്മെക്കൊു സാധി ക്കുമോ? അതു വളരെ കഠിനം. എന്നാൽ നമ്മെക്കാളും യേശുക്രിസ്തുവിനെ മാത്രം സ്നേഹിച്ചാലെ ശിഷ്യനാകാൻ സാധിക്കയുള്ളൂ. ലൗകീകസന്തോഷത്തെ മനസ്സിൽ വച്ചുകൊു, **കർത്താവിനെക്കാളും** മറ്റുള്ളവയ്ക്കു അധികപ്രാധാന്യം കൊടുത്തു കൊിരുന്നാൽ യേശുക്രിസ്തുവിനു ശിഷ്യരായിരി ക്കാൻ സാധ്യമല്ല.

ഇങ്ങനെയിരിക്കെ ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യനായിരിക്കുന്നതു എങ്ങനെ? ഇതിനുള്ള മറുപടി നിങ്ങളുടെ കൈകളിൽ ഉള്ള വേദപുസ്തകത്തിൽ ശ്. ലൂക്കോസിന്റെ സുവിശേഷം 14-ാം അദ്ധ്യായം 26-ാം വചനം.

**'എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവനു എന്റെ ശിഷ്യനായിരിപ്പാൻ കഴിയുക യില്ല".**

എന്തു പറയുന്നു? യേശുക്രിസ്തു. **അപ്പനെ** വെറുക്കണം പോലും. **അമ്മയെ** വെറുക്കണം പോലും. **ഭാര്യയെയും മക്കളെയും** വെറുക്കണമത്രേ. **സഹോദര-സഹോദരികളെയും** വെറുക്കണമ ത്രെ. മുഖ്യമായി **തന്റെ ജീവനെയും** വെറുക്കണമത്രെ. ഇങ്ങനെ നമ്മെക്കൊു ചെയ്യാൻ സാധി ക്കുമോ? അങ്ങനെ ചെയ്താൽ മാത്രമേ ക്രിസ്തുവിനു ശിഷ്യനായിരിക്കാൻ സാധിക്കയുള്ളൂ.

നാം ജീവിക്കുന്നതു തന്നേ **കുടുംബത്തിനായിട്ടാണല്ലോ** ഇതിൽ എങ്ങനെ മക്കൾ ഭാര്യ, അമ്മ, അപ്പൻ, സഹോദര-സഹോദരികൾ ഇവരെയെല്ലാം വെറുക്കുന്നതു. ഇവർ എല്ലാം എന്റെ മേൽ വളരെ സ്നേഹമായിരിക്കുന്നല്ലോ. അതുകൂടാതെ തന്റെ ജീവനെ തന്നെ വെറുത്തു കഴിഞ്ഞാൽ നാം ജീവി ക്കുന്നതു വ്യഥാവാകയില്ലേ? എന്നു നിങ്ങൾ ചിന്തിച്ചേക്കാം.

എനിക്കു അറിയാവുന്ന ഒരു സഹോദരൻ, ദൈവവേല ചെയ്യണം എന്നതിനായി തന്റെ മാതാ പിതാക്കൾ, സഹോദരികളെ വിട്ടിട്ടു ചെന്നൈയിൽ വന്നു. ഞാൻ അദ്ദേഹത്തോടു ചോദിച്ചു: എന്തു കൊു വിവാഹപ്രായമായിരിക്കുന്ന നിങ്ങളുടെ രു ഇളയസഹോദരികളെയും വയസായ മാതാ പിതാക്കളെ വിട്ടിട്ടു ചെന്നൈയിൽ വന്നു. അതിനു അദ്ദേഹം പറഞ്ഞതു: യേശുക്രിസ്തു തന്നെ പറ ഞ്ഞിട്ടുല്ലോ, എല്ലാവരെയും വെറുക്കണം എന്നു. അതുകൊു വെറുത്തു എന്നു പറഞ്ഞു.

അതിനു മറുപടിയായി 1 തിമൊ: 5-ാം അദ്ധ്യായം 8-ാം വചനം വായിക്കാൻ പറഞ്ഞു.

**തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തകുടുംബക്കാർക്കും വേി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയെക്കാൾ അധമനായിരിക്കുന്നു.**

ഇതു വായിച്ച ഉടൻ അദ്ദേഹത്തിനു ഒരു ചോദ്യം ഉായി. അങ്ങനെയാണെങ്കിൽ മുകളിൽ വായിച്ച വചനത്തിന്റെ അർത്ഥം എന്ത്? എന്നു ചോദിച്ചു.

അതിന്റെ അർത്ഥം ഭാര്യ, മക്കളെയും, മാതാപിതാക്കളെയും സഹോദര-സഹോദരിമാരെയും ഒറ്റയടിക്കുവെറുക്കാൻ കർത്താവു പറഞ്ഞില്ല. **അവരെക്കാളും യേശുക്രിസ്തുവിനെ** അധികമായി സ്നേഹിക്കണം എന്നാണു പറഞ്ഞിരിക്കുന്നതു. മത്തായി 10-ാം അദ്ധ്യായം 37-ാം വചനം എടുത്തു വായിക്കുക.

**"എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യ നല്ല;**

**എന്നെക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല".**

ഈ വചനം വായിച്ചതും അദ്ദേഹത്തിന്റെ കണ്ണുകൾ തുറക്കപ്പെട്ടു. അദ്ദേഹം സത്യം അറിഞ്ഞു. സത്യം അദ്ദേഹത്തെ വിടുതലാക്കി. സഹോദരാ, വളരെ നന്ദി. ഇപ്പോഴാണു എല്ലാം എനിക്കു മനസ്സിലായതു. ഉടനെ തന്നെ എന്റെ നാട്ടിലേക്കു പോകുന്നു.

എന്റെ **മാതാപിതാക്കൾക്കു** നല്ല മകനായും എന്റെ **യേശുക്രിസ്തുവിനു** നല്ല ദൈവവേല ക്കാരനായും അവന്റെ ശിഷ്യനായും ജീവിക്കും എന്നു പറഞ്ഞു സന്തോഷത്തോടെ നാട്ടിലേക്കു മട ങ്ങി. നിങ്ങളും ശിഷ്യനാകണമെങ്കിൽ മാതാപിതാക്കളെക്കാളും **യേശുക്രിസ്തുവിനെ** സ്നേഹിക്ക ണം. ഇന്നു അനേകം ക്രൈസ്തവർ റ്റി.വി സീരിയലിനെ അധികം സ്നേഹിക്കുന്നു. തങ്ങളുടെ ദൈവ വേലയെയും അല്ലെങ്കിൽ തങ്ങളുടെ തൊഴിലിനെ അധികമായി സ്നേഹിക്കുന്നു. ഇവരെല്ലാം വേഷ ധാരികൾ.

**തന്റെ ജീവനെയും വെറുത്തില്ലെങ്കിൽ:**

**....സ്വന്തജീവനെയും കൂടെ** പകെക്കാതിരിക്കയും ചെയ്യുന്നവനു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" (ലൂ:14:26) എന്നും യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. അതു എങ്ങനെ ആണെന്നു വച്ചാൽ ഓരോ മനുഷ്യനും വ്യക്തിപരമായ സ്നേഹം ഉു. അതു **തന്നെത്താൻ** സ്നേഹിക്കുന്നതാകുന്നു. മനുഷ്യൻ ഏതിനെ വെറുത്താലും **തന്നെ മാത്രം** അധികമായി സ്നേഹിക്കും. **തന്നെ വെറുക്കുന്നു** എന്നു ഒരു മനുഷ്യനും പറയാൻ സാധ്യമല്ല. കാരണം അവൻ **തന്റെ ശരീരത്തിനു** ആവശ്യമായ എല്ലാം കൊടുക്കുന്നു. ഉദാഹരണമായി അവൻ തന്റെ ശരീരത്തിനു ആഹാരം കൊടുക്കുന്നു. അതു **ദഹിച്ചില്ലെങ്കിൽ** ശരീര അസുഖം ഉായാൽ **മരുന്നു കഴിക്കുന്നു.** മുഖം, തല എന്നിവയ്ക്കു അഴകു വരുത്താൻ ബ്യൂട്ടിപാർലറുകളിൽ പോകുന്നു.

വാസനതൈലം ശരീരം മുഴുവനും പൂശുന്നു. തണുപ്പിലും വെയിലിലും മഴയിലും തന്റെ ശരീ രത്തെ കാത്തു സൂക്ഷിക്കുന്നു. ഇതുമുഖാന്തിരം ജീവനും കാക്കപ്പെടുന്നു. തന്റെ ജീവനുവേി തന്റെ ശരീരത്തെയും കാത്തുസൂക്ഷിക്കുന്നു.

തന്റെ ശരീരത്തിനു അല്ലെങ്കിൽ ജീവനുശേഷമാണു മറ്റു എല്ലാം മനുഷ്യൻ സ്നേഹിക്കയുള്ളൂ. അതുകൊാണു നമ്മുടെ കർത്താവു രാമത്തെ കല്പനയായി **"നിന്നെപ്പോലെ നിന്റെ അയൽക്കാ രനെയും സ്നേഹിക്ക"** എന്നു പറഞ്ഞതു. ഇതിന്റെ അർത്ഥം, നിന്നെ ഏതളവിൽ നീ സ്നേഹിക്കുന്നു വോ, അതേ അളവിൽ മറ്റുള്ളവരെയും സ്നേഹിക്കണം എന്നാകുന്നു.

മനുഷ്യർ ഈ **ശരീരത്തെ** അല്ലെങ്കിൽ **ജീവനെ** അധികമായി സ്നേഹിക്കുന്നു. അതു മുഖാന്തിരം ആവശ്യങ്ങൾ അധികമാകുന്നു. ആ ആവശ്യങ്ങൾ തന്നെ ദിവസം കഴിയുന്തോറും ആഗ്രഹമായി മാറുന്നു. ആഗ്രഹം വെറിയായി വെളിപ്പെടുന്നു. വെറി പാപം ചെയ്യാൻ പ്രേരിപ്പിക്കുന്നു. പാപം നിങ്ങളെ ദൈവത്തിൽ നിന്നു വേർപെടുത്തുന്നു.

ഇതിൽ നിന്നു വിടുവിക്കപ്പെടാൻ **നിത്യജീവൻ പ്രാപിക്കാൻ** യേശുക്രിസ്തുവിനു ശിഷ്യരാകണം. **എല്ലാത്തിനെക്കാളും** യേശുക്രിസ്തുവിനെ വളരെ സ്നേഹിക്കണം. ക്രിസ്തു സഞ്ചരിച്ച പാതയിൽ നാമും സഞ്ചരിക്കണം. വലതുവശത്തു ഒരു ക്രൂശു ഉു. ആ ഭാഗത്തേക്കു ചായാൻ പാടില്ല. ഇടതുവശത്തും ഒരു ക്രൂശു ഉു. അതുകൊു ഇടതുവശത്തേക്കും ചായാൻ പാടില്ല. ആ രു ക്രൂശിലും ഉള്ളവർ കള്ളന്മാരാകുന്നു. അതുകൊു നാം നേരെ നോക്കി (നേർപാത നോക്കി) സഞ്ചരിക്കണം. മദ്ധ്യത്തിൽ ഉള്ള ക്രൂശിൽ ആണു നമുക്കായി ജീവനെ കൊടുത്ത കർത്താവായ യേശുക്രിസ്തു ഉള്ളതു.

തന്റെ **ജീവനെ സംരക്ഷിക്കാൻ** ക്രൈസ്തവർ പരിശ്രമിക്കാൻ പാടില്ല. കാരണം ഈ ലോകത്തിൽ ജീവിക്കുമ്പോൾ തന്നെ നാം മരിച്ചാൽ മാത്രമേ ജീവനോടെ വീും എഴുന്നേല്പിക്കയുള്ളൂ. **സ്വർഗ്ഗത്തിൽ പോകാൻ** എല്ലാവർക്കും ആഗ്രഹം ഉ്. എന്നാൽ മരിക്കാൻ ആരും ആഗ്രഹിക്കുന്നില്ല. മരിച്ചാൽ മാത്രമേ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കയുള്ളൂ. ക്രൈസ്തവർ മരണത്തിനു ഭയപ്പെടാൻ പാടില്ല. നാം എല്ലാം മരണത്തെ ജയിച്ചവന്റെ മക്കൾ. അവന്റെ മരണത്താൽ മരണഭയത്തിൽ ആയിരുന്ന നമ്മെ വിടുവിച്ചു. **മരണമാണു** അവസാനം എന്നു ആയിരുന്ന നില മാറ്റി മരണത്തെ നിദ്രയാക്കി. ഇതുമുഖാന്തിരം ആദ്യത്തെ ഉയർത്തെഴുന്നേല്പിൽ മരിച്ചവരിൽ നിന്നു നമ്മെ എഴുന്നേല്പിക്കും. ഇപ്രകാരമുള്ള ഉന്നത നിലയിൽ നമ്മുടെ ജീവൻ ആയിരിക്കുമ്പോൾ ഈ ലോകത്തിൽ അതിനെ കാത്തുകൊള്ളാൻ വക തേടിയാൽ അതു ദൈവഹിതം അല്ല എന്നു നാം അറിയണം.

**"തന്റെ ജീവനെ കത്തെിയവർ അതിനെ കളയും; എന്റെ നിമിത്തം**
**തന്റെ ജീവനെ കളഞ്ഞവൻ അതിനെ കത്തെും"** (മത്തായി 10:39).

ഈ വചനത്തിൽ മറഞ്ഞിരിക്കുന്ന സത്യം എന്താണെന്നു വച്ചാൽ ക്രൈസ്തവർ രക്തസാക്ഷിയായി മരിക്കാനും തയ്യാറായിരിക്കണം എന്നതാകുന്നു....

എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു (ഫിലി:1:21)

## ജാമക്കാരൻ ആവശ്യപ്പെടുന്നവർ

ചിലർ മണി ഓർഡർ അയച്ചിട്ടു ജാമക്കാരൻ എന്തുകൊു ഇതുവരെ ഞങ്ങൾക്ക് അയച്ചിട്ടില്ല എന്ന ദേഷ്യത്തോടെ കത്തെഴുതുന്നു. ഇപ്പോഴുള്ള E.M.O യിൽ എന്തിനുവേി അയയ്ക്കുന്നു എന്നുള്ള സൗകര്യം ഉ്.

ജാമക്കാരനു വരിസംഖ്യയില്ല. അതുകൊ് പുതുതായി ജാമക്കാരൻ ആവശ്യമുള്ളവർ നിങ്ങളുടെ മുഴു അഡ്രസ്സ് (വലിയ അക്ഷരത്തിൽ) പിൻകോഡ് സഹിതം ഫോൺ നമ്പരും അറിയിക്കുന്നത് സൗകര്യമായിരിക്കും.

ജാമക്കാരൻ ഒരു മാസം തമിഴ് അടുത്തമാസം മലയാളം എന്നിങ്ങനെ പ്രിന്റ് ചെയ്തു അയയ്ക്കുന്നു. ഇന്റർനെറ്റിൽ വരുന്ന മാസിക ഡൗൺലോഡ് ചെയ്തു അതു മറ്റുള്ളവർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

# ചോദ്യം - ഉത്തരം

## വിവാഹമോചനം

**ചോദ്യം:** എന്റെ മകൾ തന്റെ ഭർത്താവിനോടു യോജിച്ചു ജീവിക്കാൻ മടിക്കുന്നു. അവൾക്കു രു വയസ്സായ ഒരു മകൾ ഉ്. കർത്താവു കൃപയായി അവൾക്കു ഒരു നല്ല ജോലി കൊടുത്തിരിക്കുന്നു. എന്നാൽ തന്റെ ഭർത്താവിൽ നിന്നും വിവാഹമോചനം നേടിത്തരാൻ ഞങ്ങളെ അവൾ വളരെ നിർബ ന്ധിക്കുന്നു. താങ്കളുടെ പ്രസംഗം ഞങ്ങൾ കേട്ടശേഷം വിവാഹമോചനം പാടില്ല എന്നതിൽ ഞങ്ങൾ നിർബന്ധം ഉള്ളവരായിരിക്കുന്നു. എന്നാൽ അവൾ തന്റെ പഠിത്തം അനുസരിച്ചു ജോലി വാങ്ങും; നിങ്ങൾക്കു ഞാൻ ഭാരമായിരിക്കയില്ല. നമ്മുടെ കുടുംബവീട്ടിനരികിൽ ഒരു വാടക വീടെടുത്തു ഞാനും എന്റെ മകളും ജീവിച്ചു കാണിക്കാം എന്നവൾ പറയുന്നു. താങ്കളുടെ വീട്ടിൽ ഞാനും എന്റെ ഭാര്യയും വന്നു പ്രാർത്ഥിച്ചുവരാൻ ആഗ്രഹിക്കുന്നു. ഏതു ആഴ്ച, ഏതു ചൊവ്വാഴ്ച ഞങ്ങൾ വരണം എന്നു അറിയിക്കണേ!

**ഉത്തരം:** നിങ്ങൾ മുകളിൽ വായിച്ചതു ചോദ്യോത്തര ഭാഗത്തുവന്നതല്ല; എനിക്കു വന്ന ഒരു കത്താണു. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ മാതാപിതാക്കൾ എന്റെയടുത്തു വന്നു പ്രാർത്ഥിച്ചുപോകുന്നതു കൊു പ്രയോജനമില്ല. ഇതു സംബന്ധിച്ച വ്യക്തി (നിങ്ങളുടെ മകൾ) നേരിട്ടു വരണം. ഭർത്താവിനെ വിട്ടു പിരിഞ്ഞു ജീവിക്കാൻ എളുപ്പം. എന്നാൽ **നമ്മുടെ ദൈവം പിരിക്കുന്നവൻ അല്ല - ചേർക്കുന്നവൻ** എന്നതു നിങ്ങളുടെ മകൾ മനസിലാക്കാൻ വേദപുസ്തകം വായിപ്പിച്ചു അവളെ മനസിലാക്കും. അതും അവൾ മാനസാന്തരപ്പെട്ട അനുഭവം ഉള്ളവളായും വചനത്തിനു അനുസരണ കാണിക്കുന്നവളുമായിരുന്നാൽ മാത്രമേ എന്റെ ആലോചന അവൾക്കു പ്രയോജനമാവുകയുള്ളൂ. കൂടാതെ മാതാപിതാക്കളായ നിങ്ങളോടു ഞാൻ പറയുന്നതു ഭർത്താവിനെ വിട്ടുപിരിഞ്ഞുവരാൻ നിങ്ങളുടെ മകളെ ഉത്സാഹപ്പെടുത്തരുത്. അങ്ങനെ അനുവദിച്ചാൽ അവളുടെ വിഷയത്തിൽ കർത്താവു നിങ്ങളോടു കണക്കു ചോദിക്കും. അവൾ പിരിഞ്ഞു വരാൻ അവളെ നിങ്ങൾ ഉത്സാഹപ്പെടുത്തിയാൽ നിങ്ങൾ കർത്താവിന്റെ കോപത്തിനിടയാകും.

ഭർത്താവു എത്ര ക്രൂരത ചെയ്യുന്ന വ്യക്തി ആയിരുന്നാലും അവളുടെ ഭർത്താവു വേറെ സ്ത്രീയോടു ജീവിതം നടത്തുന്നു എന്നറിഞ്ഞാലും മാനസാന്തര അനുഭവം ഉള്ള വാസ്തവമായ ഒരു സ്ത്രീവിശ്വാസി ദൈവത്തോടു പ്രാർത്ഥിച്ചു അല്ലെങ്കിൽ ഉപവസിച്ചു തന്റെ ഭർത്താവിനെ മാനസാന്തര അനുഭവത്തിലേക്കു കൊു വരാൻ ശ്രമിക്കണം. ആ പ്രവൃത്തിയിൽ അവൾ തോറ്റുപോയാലും അവൾ ആ ഭർത്താവിനോടു തന്നെ ജീവിക്കണം. ക്രിസ്തുവിന്മേൽ അവൾക്കുള്ള യഥാർത്ഥമായ സ്നേഹം ഭർത്താവിന്റെ ക്രൂരത സഹിക്കാൻ ഇടയാക്കും, താങ്ങാനും ഇടയാക്കും. 1 കൊരിന്ത്യർ 13 -ാം അദ്ധ്യായം വായിക്കണം. ഭർത്താവു മാനസാന്തരപ്പെടാൻ അധികകാലമായാലും **എല്ലാറ്റിനും ഒരു അവസാനം ഉ്** എന്നു വേദപുസ്തകം ഉപദേശിക്കുന്നു.

◇ കൊലപാതകനാകിയ **ശൗലിനെ** ദൈവം **പൌലോസാക്കി** മാറ്റിയില്ലേ?

◇ പല മദ്യപാനികളായ ഭർത്താക്കന്മാരെ രക്ഷിക്കപ്പെട്ട ഭാര്യമുഖാന്തിരം മാനസാന്തര അനുഭവത്തിലേക്കു കൊുവരാൻ കർത്താവിനു സാധിക്കും.

◇ വേദപുസ്തകം പറയുന്നതു: 1 കൊരി:6:7... **നിങ്ങൾ അന്യായം സഹിച്ചു കൊള്ളാത്തതു എന്ത്? നഷ്ടം ഏറ്റുകൊള്ളാത്തതു എന്ത്?**

◇ നിങ്ങൾക്കു തമ്മിൽ വ്യവഹാരം ഉാകുന്നതു തന്നേ കേവലം പോരായ്മയാകുന്നു.

◇ ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം (അതായതു രക്ഷയുടെ അനുഭവം ഇല്ലാത്തവരായി, മാനസാന്തര അനുഭവം ഇല്ലാത്തവരായിരുന്നാൽ) ഭയത്തോടു കൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും (1 പത്രോസ് 3:1, 2). ഇങ്ങനെയാണു നമ്മുടെ ക്രൈസ്തവവേദപുസ്തകം അതായതു നമ്മുടെ കർത്താവു നമ്മെ ഉപദേശിക്കുന്നതു. വേദ വചനത്തിനു അനുസരിക്കാനുള്ള മനസ്സുള്ള ഭാര്യമാർ വേദപുസ്തകാടിസ്ഥാനത്തിൽ ഞാൻ പറഞ്ഞ ഈ ആലോചനയ്ക്കു അനുസരണ കാണിച്ചു **തന്റെ ഭർത്താവിനോടു** സകലവേദനകളും പീഢന ങ്ങളും സഹിച്ചു സാക്ഷിയോടെ കർത്തൃനാമം മഹിമപ്പെടാൻ ജീവിച്ചുകാണിക്കും.

പൊതുവിൽ ഇക്കാലത്തിൽ വലിയ പഠിത്തം ഉള്ള സ്ത്രീകൾ, ജോലി ചെയ്തു സമ്പാദി ക്കുന്ന സ്ത്രീകൾ **തന്റെ സ്വന്തം കാലിൽ നിൽക്കുന്ന** ധൈര്യം ലഭിച്ചാൽ തന്റെ ഭർത്താവിനെ തൂക്കി എറിഞ്ഞുകളയും. ഇനി ഭർത്താവിന്റെ ദയവു എനിക്കു ആവശ്യമില്ല, തങ്ങൾ സ്വതന്ത്രരായി തിരിയു ന്നതിനു അവർക്കു ധൈര്യം വന്നുചേരുന്നു. തമിഴിൽ ഒരു പഴമൊഴി ഇങ്ങനെ പറയും: എലി കൊഴു ത്താൽ അതിന്റെ മാളത്തിൽ (അതിന്റെ വീട്ടിൽ) തങ്ങുകയില്ല.

അതുകൊു രക്ഷിക്കപ്പെടാത്ത നിങ്ങളുടെ മകളെ പോലെയുള്ള ഭൂരിപക്ഷം സ്ത്രീകൾ തങ്ങ ളുടെ ഭർത്താക്കന്മാരെ അലക്ഷ്യപ്പെടുത്തി തനിയെ ജീവിക്കാൻ ആഗ്രഹിക്കുന്നു. വേദപുസ്തകാടി സ്ഥാനത്തിൽ അതു തെറ്റു.

◇ നവീനകാല സ്ത്രീകൾ ഇതു **സ്ത്രീകളുടെ അവകാശം** എന്നു അഹങ്കാരത്തോടെ പറ ഞ്ഞു തങ്ങളെ ന്യായീകരിക്കാറു്.

◇ ഞാൻ പറഞ്ഞ ഈ ആലോചന മാനസാന്തരപ്പെടാത്ത തന്റെ ഭാര്യയെ മാതാവിന്റെ വീട്ടി ലേക്കു തള്ളിവിടുന്ന ഭർത്താക്കന്മാർക്കും യോജിക്കും.

◇ കർത്താവേ നിന്റെ ഇഷ്ടം ചെയ്വാൻ എന്നെ പഠിപ്പിക്കേണമേ (സങ്കീ: 143:10) എന്നു ദാവീദു ചോദിച്ചതുപോലെ ചോദിച്ചു ജീവിക്കാൻ പരിചയിക്കുന്ന ആർക്കും **ഭാര്യ - ഭർത്താക്കന്മാർക്കു ള്ളിൽ** പിരിഞ്ഞുജീവിക്കാനുള്ള ചിന്ത വരുകയില്ല. അങ്ങനെ പിരിഞ്ഞു ജീവിക്കുന്നവർക്കു ന്യായവി ധിയിൽ ലഭിക്കുന്ന നില വളരെ മോശമായിരിക്കും.

**വിവാഹം കഴിഞ്ഞവരോടോ ഞാനല്ല കർത്താവു തന്നെ കല്പിക്കു ന്നതു, ഭാര്യ ഭർത്താവിനെ വേറുപിരിയരുതു; പിരിഞ്ഞു എന്നു വരി കിലോ വിവാഹം കൂടാതെ പാർക്കേണം;**
**അല്ലെന്നു വരികിൽ ഭർത്താവോടു നിരന്നുകൊള്ളേണം, ഭർത്താവു ഭാര്യയെ ഉപേക്ഷിക്കയുമരുതു (1 കൊരി:7:10, 11).**
ജാഗ്രത

## നീ ഉയരമുള്ളവനോ?

ജീവിതത്തിൽ ചില സമയങ്ങളിൽ ഞാൻ ആരംഭിച്ച ജോലി എനിക്കു ശേഷം തുടരുമോ? എന്നെപ്പോലെ അതുപിൻതുടരുമോ? എന്നു ആശ്ചര്യപ്പെടേി വരും. കവിയും നോവൽ എഴുത്തുകാരനുമായ ഒരു യെഹൂദൻ, നാം നമ്മുടെ ജീവിതത്തിൽ സ്വീകരിക്കുന്ന പാത്രങ്ങളെക്കുറിച്ചു ഉപമ മുഖാന്തിരം ഇങ്ങനെ സൂചിപ്പിക്കുന്നു. അപ്പാ, ഞങ്ങൾക്കു ഒരു കഥ പറഞ്ഞു തരണം എന്നു രാത്രി ഭക്ഷണസമയത്തു അപ്പനോടു ഇങ്ങനെ മക്കൾ ചോദിച്ചു. “എന്തു കഥ വേണം?” എന്നു അപ്പൻ ചോദിച്ചു. “ഉയരമുള്ള മനുഷ്യനെപ്പറ്റി” എന്നു ഒരേ ശബ്ദത്തിൽ മക്കൾ ചോദിച്ചു. അപ്പൻ കഥ പറയാൻ ആരംഭിച്ചു. ഒരു വലിയ എക്സിബിഷൻ ചുറ്റിക്കാണണമെന്നു ഒരു മകൻ തന്റെ അപ്പനോടു പറഞ്ഞു. അതുകൊു അപ്പനും മകനുമായി അടുത്ത ദിവസം പുറപ്പെട്ടു. അവിടെ ഭയങ്കര ആൾക്കൂട്ടം. ആ എക്സിബിഷൻ കാണാൻ സാധിക്കാതവണ്ണം ഭിത്തികളിന്മേലെല്ലാം മനുഷ്യർ ആയിരുന്നു. അപ്പൻ തന്റെ മകനെ തന്റെ തോളിന്മേൽ കയറ്റി ഇരുത്തി. അല്പസമയത്തിനുള്ളിൽ എക്സിബിഷൻ പ്രദക്ഷിണം തുടങ്ങി. ചെറിയ മകൻ തന്റെ അപ്പനോടു താൻ കാണുന്ന ഓരോന്നും പറഞ്ഞുകൊിരുന്നു. എത്ര മനോഹരമായ വർണ്ണക്കാഴ്ചകൾ; രൂപങ്ങൾ എന്നു ആശ്ചര്യത്തോടു വിവരിച്ച ചെറിയ മകനു അഭിമാനം താങ്ങാൻ സാധിക്കുന്നില്ല. താൻ കാണുന്നതൊന്നുംതന്റെഅപ്പൻകാണുന്നില്ലല്ലോഎന്നുകളിയാക്കി. “എന്നാൽ” അപ്പൻ നടന്നുപോകുന്നതു നിറുത്തി. തന്റെ മക്കളെ നോക്കിപ്പറഞ്ഞു. “ആ ചെറിയ മകൻ തന്നെക്കൊു എങ്ങനെ കാണാൻ സാധിച്ചു എന്നതും അങ്ങനെ കാണാൻ കാരണവും തന്റെ അപ്പൻ തന്നെ എന്നതും മറന്നുകളഞ്ഞു” എന്നു അപ്പൻ പറഞ്ഞു സമാധാനിച്ചു. കഥ തീർന്നതുപോലെ “ഇത്രതന്നെയോ? ഉയരമുള്ള മനുഷ്യനെപ്പറ്റി അല്ലേ കഥ പറയാൻ പോകുന്നു എന്നു കരുതി”. ഉയരമുള്ള മനുഷ്യനെപ്പറ്റിയാണു കഥ പറഞ്ഞതു! താൻ ഉയരമുള്ളവൻ എന്നു തെറ്റായി കരുതിയ ഒരു ചെറിയ മകനെപ്പറ്റിയാണു പറഞ്ഞതു എന്നു അപ്പൻ പറഞ്ഞു. “എങ്ങനെ?” എന്നു മക്കൾ ചോദിച്ചു. ‘ഉയരമായവൻ ’എന്ന വ്യക്തി താൻ മറ്റൊരുത്തന്റെ തോളിൽ ഇരിക്കുന്നതു ഉണർന്നിരിക്കുന്നവനാണു എന്നു പറഞ്ഞു. “അങ്ങനെ നാം ഉണർന്നില്ലെങ്കിൽ” എന്ന ഒരു മകൻ ചോദിച്ചതിനു അപ്പൻ മറുപടി പറഞ്ഞതു അതും “വലിയ ഭാരമാണു”. നമ്മുടെ കാലത്തിനുശേഷം നാം ഓർമ്മിക്കപ്പെടുമോ? നാം വിതച്ചവിത്തുകൾ ഫലം തരുമോ? ഇതെല്ലാം നാം എങ്ങനെ നടക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഉയരമുള്ളവരായിരിക്കാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നതു. വലിയ ഭാരമായിരിക്കാൻ അല്ല.

# യേശുക്രിസ്തു അവതാരപുരുഷനോ?

(റവ: വി. ഡേവിഡ്, MA, BD, M.Th)

**വചനം ജഡമായി തീർന്നു.....യോഹ:1:14**

യേശുക്രിസ്തുവിന്റെ ജനനത്തെ തെറ്റായി മനസിലാക്കിയിരിക്കുന്നവർ ധാരാളം. വലിയ വേദ പുസ്തകപണ്ഡിതരും തങ്ങളെ അറിയാതെ തന്നെ ഈ തെറ്റു ചെയ്യുന്നു. ആ തെറ്റായ വാക്കാണു **അവതാരം**. യേശുക്രിസ്തു അവതരിച്ചു എന്നു നമ്മുടെ അപ്പോസ്തലവിശ്വാസപ്രമാണത്തിലും നമ്മുടെ പാട്ടുകളിലും എഴുതിയിരിക്കുന്നു. **ഇതു പൂർണ്ണമായും തെറ്റാകുന്നു. ദൈവം മനുഷ്യനായി** എന്ന താണു ശരിയായതു. **അദൃശ്യമായവൻ ദർശനമായി** എന്നുള്ള പൌലൊസിന്റെ പ്രസ്താവന വളരെ ശരിയാകുന്നു. ജനനത്തിനു പറഞ്ഞിരിക്കുന്ന ഇംഗ്ലീഷ്പദം Incarnation ആകുന്നു. ഇതിനു രു അർത്ഥ ങ്ങ ൾ ഉ്.

1. ദൈവം കന്യകയുടെ വയറ്റിൽ ഉരുവാക്കപ്പെട്ടില്ല - ഉരുവായി. ദൈവം കന്യകയുടെ വയറ്റിൽ കുഞ്ഞു ആകുന്നു. ഇതിനെ യോഹന്നാൻ തത്വരീതിയിൽ മനുഷ്യഹിതമോ, രക്തമോ (യോഹ:1:13) അല്ല എന്നു പറയുന്നു. മത്തായിയുടെ വംശാവലിയിൽ അബ്രാഹാം യിസഹാക്കിനെ ജനിപ്പിച്ചു (മ ത്തായി 1:2) എന്ന വചനത്തിൽ പറഞ്ഞിരിക്കുന്നതു പോലെ ജനിപ്പിച്ചു എന്നു യേശുക്രിസ്തുവിനെ പറയാൻ പാടില്ല. യോഹന്നാൻ 3:16 ൽ ഉള്ള 'ഏകജാതനായ പുത്രനിൽ' എന്ന വാർത്ത മൂലഭാഷയിൽ ഇല്ല. ഒരേ മകനെ അയച്ചു എന്ന അർത്ഥം ഉ. അനേക വിദ്യാസമ്പന്നർ തൊട്ടുതൊടാതെ ചോദി ക്കുന്ന ചോദ്യം എന്താണെന്നുവച്ചാൽ "കന്യകാജനനം" ഇതു എങ്ങനെ സംഭവിക്കും. ഇതു നടക്കുമോ? ഇവിടെ ആ ചോദ്യത്തിനു തന്നെ പ്രസക്തി ഇല്ല. ദൈവം ഈ ഭൂമിയിൽ കുഞ്ഞായിവരാൻ **കന്യക യുടെ** വയറു തെരഞ്ഞെടുത്തു അവിടെ അവൻ **കുഞ്ഞായി** എന്നതു നാം അറിയണം. പ്രകൃത്യാ ലുള്ള സ്വരൂപം കന്യകയിൽ മനുഷ്യസ്വരൂപമായി. സൃഷ്ടിക്കപ്പെട്ടില്ല, ഉരുവായി.

2. അവതാരം എന്നു പറഞ്ഞാൽ ഒരു പ്രത്യക്ഷപ്പെടൽ (Just appearance) ആവശ്യപ്പെടുമ്പോൾ ഒരു അവതാരം എടുക്കാം. ഇതിനെ വ്യക്തമായി അറിയാൻ പരിശ്രമിക്കാം.

2.1) **അവതാരത്തിനു** ഒരു ചരിത്ര യാഥാർത്ഥ്യം (historicity) ഇല്ല. അതായതു ഭൂമിയിൽ ഇതിനു ചരിത്രം പറയാൻ സാധ്യമല്ല. എന്നാൽ ക്രിസ്തു അവതരിച്ചില്ല. പക്ഷെ മനുഷ്യനായി. ഇപ്പോഴാണു ആ സംഭവം ഭൂമിയുടെ ചരിത്രമായി. യേശു ജഡമുള്ള മനുഷ്യനായി, കാലം, സ്ഥലം എന്നിവയ്ക്കു സ്വന്തമാകുന്നു. **അവതാരത്തിനു** കാലം, സ്ഥലം ഇവ ഇല്ല.

2.2) **അവതാരം ഒരു ഊഹം.** ലോകസത്യത്തെ സംരക്ഷിക്കാനും തത്വങ്ങൾ ഉാകാനും നല്ല ഉപദേ ശങ്ങൾ ഭൂമിയിൽ നൽകാനും അപ്പോഴപ്പോൾ സമൂഹനന്മയ്ക്കായി സിദ്ധരെക്കൊു ഉാക്കുന്ന രൂപങ്ങളാ കുന്നു. അതുമാത്രവുമല്ല, ദുഷ്ടന്മാരെ നശിപ്പിച്ചു നല്ലവരെ ഭൂമിയിൽ നിലനിറുത്താനും അവതരിക്കുന്നു എന്ന താണു ഹിന്ദുമത അവതാരത്തിന്റെ സാരം.

എന്നാൽ ക്രിസ്തു മനുഷ്യനായതു, **ദുഷ്ടന്മാരെ** നല്ലവരാക്കാനും അവർക്കുവേി **ജീവൻ നൽകി** പരിപൂർണ്ണരാക്കാനും ആണു യേശു ജനിച്ചതു (മത്തായി 10:34; യോഹ:3:16).

2.3) **അവതാരം** നല്ല ഉപദേശം അല്ല എന്നു മാത്രമല്ല, മാതൃകയില്ലാത്ത ജീവിതത്തെയും പ്രതിഫലിപ്പിക്കുന്നു. സ്ത്രീ-പുരുഷബന്ധം, അതുമാത്രവുമല്ല ഇപ്രകാരമുള്ള മതദൈവങ്ങൾ എന്നു വിളിക്കപ്പെടുന്നവർക്കു വ്യക്തമായ നല്ല ഉപദേശങ്ങൾ പിൻപറ്റേ ആവശ്യം ഇല്ല. എന്നാൽ **മനുഷ്യനായ ക്രിസ്തു** ലോകത്തിലേക്കു മാതൃകയായി, പ്രകൃതി സ്വഭാവത്തെ സ്നേഹം, വിശുദ്ധം, കരുണ എന്നിങ്ങനെയുള്ള വളരെ ഉയർന്ന മഹത്വം നിറഞ്ഞവൻ, ഇതു ക്രിസ്തുവിന്റെ പ്രത്യക്ഷപ്പെട്ട ഉയർന്ന മഹത്വമാകുന്നു.

2.4) **അവതാരം** എന്നു പറയുന്നതു രൂപകാലങ്കാരമായ (metaphor) സങ്കല്പകഥകളാകുന്നു. അവയുടെ വിപരീത ആരംഭം, ക്രൂരത, കന്യാകത്വം ഇല്ലായ്മ എന്നിവ ഒരുമിപ്പിച്ചു ഉാകുന്നതാകുന്നു. (ഡോ:രാധാകൃഷ്ണൻ) **ഇൻഡ്യൻ തത്വം പറയുന്നതു:** ഇൻഡ്യയുടെ മുൻരാഷ്ട്രപതിയും തത്വജ്ഞാനിയുമായ ഡോ:രാധാകൃഷ്ണൻ എഴുതിയ പുസ്തകത്തിൽ നിന്നു.

(Vol II P.496) യേശുവിന്റെ ഭ്രമിക്കത്തക്ക രൂപങ്ങളോ കാഴ്ചയോ ഭയപ്പെടുത്തുന്ന വികാരങ്ങളോ ഇല്ല.

2.5) **അവതാരം** എന്നു പറയുന്നതു **"സ്വാർത്ഥത"** കേന്ദ്രമായ പഠിപ്പിക്കലാകുന്നു. കൂടാതെ, ശക്തി, ധൈര്യം, പറക്കുന്നതുപോലുള്ള ഉല്പത്തി, കഥാനായകൻ യുദ്ധം ചെയ്തു വിജയിപ്പിക്കുന്നതുപോലുള്ള കാഴ്ചകൾ ചിത്രീകരിക്കുന്നവയാകുന്നു. എന്നാൽ മനുഷ്യനായ **ക്രിസ്തുവിൽ** സ്വയം ഇല്ല. അവൻ തന്നെ മറ്റുള്ളവർക്കായി കൊടുക്കുന്നതിൽ സന്തോഷം കു ആടുകൾക്കായി ജീവനെ കൊടുക്കാനാണ് അവൻ ജനിച്ചത്. ഇങ്ങനെ "ആരെക്കൊു പിൻതുടരാൻ സാധിക്കും" എന്നതിൽ നിന്നു **ദൈവത്താൽ മാത്രമേ സാധിക്കു** എന്നതു **യേശുവിൽ മാത്രമേ** കാണാൻ സാധിക്കൂ.

2.6) **അവതാരം** എന്നതു പ്രത്യക്ഷമാകൽ (Manifestation) ആകുന്നു. എന്നാൽ ദൈവം മനുഷ്യനായതു മൂർത്തിമത്ഭാവം (Embodiment) ആകുന്നു. **അവതാരം** കാണാൻ കൊള്ളാവുന്നത്. എന്നാൽ യേശുക്രിസ്തു മനുഷ്യനായതു രൂപമെടുക്കലാകുന്നു.

2.7) **അവതാരം** എന്നതു ചലനാത്മാകമായ ഒരു പ്രവൃത്തിയെ വെളിപ്പെടുത്തും. ഉദാഹരണമായി അതുപോലുള്ള അസ്ത്രങ്ങൾ എയ്യാൻ, അതു **തീ പിടിച്ചു എറിയാൻ** പ്രകൃതിയെ കഴിഞ്ഞുള്ള കഴിവുപോലുള്ള പ്രവൃത്തിയാകുന്നു. **മനുഷ്യനായ ദൈവം** ക്രൂശിൽ നിന്നു ഇറങ്ങി വരാൻ സാധ്യമല്ല. കാരണം ജനങ്ങളെ "രക്ഷിക്കുന്ന" നയം അവന്റെ മാറാത്ത സ്വഭാവമാകുന്നു.

2.8) **അവതാരം** എടുത്താൽ ജനങ്ങൾക്കു വേി കഷ്ടപ്പെടാൻ സാധ്യമല്ല. തൊട്ടുനോക്കാൻ സാധ്യമല്ല. എന്നാൽ യേശു തന്നെ ഒന്നുമല്ലാതാക്കി (Empty Himself). തന്നെ ഒന്നുമല്ലാതാക്കിയ സ്ഥലത്തിൽ ദൈവീകം നിറയുന്നു (Divinity fills the void). അതുകൊാണു ക്രൈസ്തവദൈവശാസ്ത്രജ്ഞൻ സെൻ അവർകൾ പറയുമ്പോൾ He rejects the use of the term *Avatara* for Christ എന്നു പറഞ്ഞിരിക്കുന്നു.

അതുകൊു ദൈവത്തെക്കുറിച്ചു വ്യക്തമായി അറിഞ്ഞു ദൈവത്തെ സമീപിക്കുന്നതു നല്ലതു. **അവതരിച്ചു** എന്ന ധ്വനി ഇല്ലാതാക്കി **ദൈവം മനുഷ്യനായി** എന്ന ധ്വനി ധരിക്കാം.

## ജാമക്കാരൻ മാസിക :

ജാമക്കാരൻ മാസിക ലഭിക്കാത്തവർ ഇന്റർനെറ്റിൽ എന്റെ ജാമക്കാരൻ വായിക്കാം. അങ്ങനെയും വായിക്കാൻ സാധിക്കാത്തവർക്കു വെബ്സൈറ്റിലും വായിക്കാം. വെബ്സൈറ്റ്: www.jamakaran.com. ഇതുവായിച്ചു വിവരങ്ങൾ ഡൗൺലോഡ് ചെയ്യാനും സാധിക്കും.

# നമ്മുടെ ആത്മീയസ്നേഹിതരെ സംരക്ഷിച്ചു പുകഴ്ത്താം

**Dr. Samuel Kamalesan**

തന്നെ ദൈവത്തിന്റെ കൈക്കീഴിൽ വഴി നടത്തിയ തന്റെ ആത്മീയ സ്നേഹിതരോടുള്ള ബന്ധത്തെ പുകഴ്ത്തേതു ദൈവവേല നേതൃത്വം ഏറ്റെടുത്തു നടത്തുന്ന ദൈവവേലക്കാരന്റെ ഉത്തരവാദിത്വമാകുന്നു. പൌലൊസ് അപ്പോസ്തലൻ തിമൊഥെയോസിനു ആത്മീയ നല്ല ആശാനായും സ്നേഹിതനായും ഇരുന്നു - 1 തിമൊ:1:3-7.

ചെന്നൈ വെറ്റിനറി മെഡിക്കൽ കോളേജിൽ ഞാൻ പഠിച്ചുകൊിരുന്നപ്പോൾ എന്റെ സഹവിദ്യാർത്ഥിയും മുറിയിലെ സഹപാഠിയുമായിരുന്ന ശങ്കരനാരായണനാണു, ഞാൻ യേശുക്രിസ്തുവിനെ സന്ദർശിച്ചു തീരുമാനം എടുക്കാൻ എന്നെ വഴി നടത്തിയതു. എന്റെ കുടുംബസാഹചര്യം ഇതിൽ എന്നെ സഹായിച്ചില്ല. തിരുസഭയിൽ അംഗമായ ഞാൻ ആ സഭയിലെ പാരമ്പര്യത്തിന്റെ വാസ്തവം എന്താണെന്നു മനസിലാക്കാതെയാണു ആ പാരമ്പര്യം ഞാൻ ആദരിച്ചുകൊിരുന്നതു. ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ വ്യക്തിപരമായ നിലയിൽ ഞാൻ സന്ദർശിച്ചതിനുശേഷമാണു ക്രൈസ്തവത്തിന്റെ കേന്ദ്രവസ്തു എന്താണെന്നു ഞാൻ മനസ്സിലാക്കിയതു. നമ്മുടെ പാരമ്പര്യം എന്നു പറയുന്നതു നമ്മുടെ മുൻഗാമികൾ അനുകരിച്ച വിശ്വാസം എന്നതിനെയും പാരമ്പര്യവഴി എന്നതു ഇന്നത്തെ ജനങ്ങളുടെ ജീവനില്ലാത്ത വിശ്വാസം എന്നതിനെയും ഞാൻ പിന്നീടു മനസ്സിലാക്കി. യേശുക്രിസ്തുവിനെ വ്യക്തിപരമായ നിലയിൽ സന്ദർശിക്കുന്നതുവരെ ഞാനും ഈ പാരമ്പര്യവഴിയിൽ തന്നെയാണു യാത്ര ചെയ്തിരുന്നതു. ശങ്കർ എന്നെ ക്രിസ്തുവിങ്കലേക്കു വഴി നടത്തി. ഇതു എന്റെ മുൻഗാമികളുടെ പാരമ്പര്യത്തിനു ദുഷ്പേരു ഏർപ്പെടുത്താതെ മറിച്ചു അവരുടെ വിശ്വാസവും പ്രത്യാശയും പൂർത്തീകരിക്കുന്നതായിരുന്നതുകൊു എന്റെ കുടുംബക്കാർ ഈ പുതിയ മാറ്റത്തെ സ്വാഗതം ചെയ്തു. തെരുവു പ്രസംഗം ചെയ്തുകൊിരുന്ന ഒരു കൂട്ടത്തിൻ മൂലം ശങ്കർ ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിനെ സന്ദർശിച്ചു. അവൻ ക്രൈസ്തവനല്ലാത്ത കാരണത്താൽ തന്റെ കുടുംബക്കാർക്കും തനിക്കുള്ളിൽ ഏർപ്പെട്ട ആ പുതിയമാറ്റത്തെ അറിയിക്കാൻ അവനു വളരെ കഠിനമായ കാര്യമായിരുന്നു.

ദൈവം സൃഷ്ടിച്ച വിനോദമായ ഈ ലോകത്തിൽ വിവിധ സംസ്കാരങ്ങളിലും വർഗ്ഗങ്ങളിൽ നിന്നും ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ സ്വീകരിച്ച എന്റെ സ്നേഹിതർ പലരും യേശുക്രിസ്തുവിനു അനുസരണകാണിച്ചു നടക്കുന്ന ജീവിതം എന്റെ വിശ്വാസജീവിതത്തെ ഫലപ്രദമാക്കിയിരിക്കുന്നു.

ഞാൻ ദൈവമക്കൾക്കായി ദൈവവേല ചെയ്തു അതുമുഖാന്തിരം അനേകകാര്യങ്ങൾ പഠിച്ചു അവനിൽ വളരുവാൻ ദൈവം സഹായിച്ചു. നാം മറ്റുള്ളവരോടു വച്ചിരിക്കുന്ന ബന്ധങ്ങളാണു നമ്മുടെ ഉറപ്പിന്റെ സാരാംശമായിരിക്കയാൽ അതുമുഖാന്തിരം നാം അനേകപാഠങ്ങൾ പഠിക്കുന്നു. ദൈവരാജ്യത്തെ സംബന്ധിച്ചിടത്തോളം മനുഷ്യബന്ധങ്ങളിൽ തമ്മിൽതമ്മിൽ ദൈവവേല ചെയ്യണം (മർ:10:45).

കമ്മ്യൂണിസ്റ്റു നയങ്ങൾ പിൻപറ്റിയ സർവ്വാധികാരികൾ ഭരിച്ചിരുന്ന കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ഞാൻ 1978-ാം വർഷം മുതൽ പോകാൻ ആരംഭിച്ചു. റൂമേനിയയിൽ 15 മുതൽ 25 ഉപദേഷ്ടാക്കൾ ഉൾപ്പെട്ട ചെറിയ ചെറിയ സംഘങ്ങളെക്കൂട്ടി വേദപുസ്തകം പഠിക്കും. ഒരിക്കൽ എഫേസ്യർക്കെഴുതിയ ലേഖനം പഠിച്ചുകൊിരുന്നു. താഴ്മയുള്ളതും തകർക്കപ്പെട്ടതും **ബലഹീനവുമായ എഫേസ്യസഭയെ** നോക്കി

പൌലൊസ് അപ്പൊസ്തലൻ നിങ്ങൾ വളരെ സൗകര്യമുള്ളവർ എന്നു ഒന്നാം അദ്ധ്യായത്തിൽ പറയുന്നതു പോലെ ഇരുന്നു. ആ കൂട്ടത്തിൽ പങ്കെടുത്തിരുന്ന വാസിലായ് ടൊലാസി (Vasilae Toulouse) എന്നുള്ള ബാപ്റ്റിസ്റ്റ് സഭാ ഉപദേഷ്ടാവിനു ഈ വാർത്ത മനസ്സിലാകാതെ ഇരുന്നു. ക്രൈസ്തവ വിശ്വാസികൾ അധ്വ ക്കേറ്റായി ജോലി ചെയ്യാൻ സാധിക്കാത്ത ഒരു സാഹചര്യത്തിൽ നിന്നു അവർ ദൈവത്തെ സ്വീകരിച്ചു. മാറ്റി നിറുത്തപ്പെട്ടിരുന്ന നിലയിൽ ആയിരുന്ന ആ യുവഉപദേഷ്ടാവിന്റെ മനസ്സിൽ തന്നെക്കൊു സൗകര്യമുള്ളവ നായി എങ്ങനെ ഇരിക്കാൻ സാധിക്കും എന്ന ചോദ്യം ഉായി. എന്നാൽ ഞങ്ങൾ ലേഖനം തുടർന്നു പഠിച്ച പ്പോൾ യേശുക്രിസ്തു തനിക്കു കൊുവന്നിട്ടുള്ളതും തന്നെ വിട്ടു എടുക്കപ്പെടാത്തതുമായ വരങ്ങളും സമ്മാ നങ്ങളും അദ്ദേഹം പെട്ടെന്നു ഉണർന്നു. ആ ചെറിയ സഭയിൽ പരിശുദ്ധാത്മാവിനാൽ അദ്ദേഹത്തിനുായ വെളിപ്പാടിനാൽ മനസ്സു നിറഞ്ഞു ആ ഉപദേഷ്ടാവു ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യത്തെ ഉണർന്നു പുകഴ്ത്തി സന്തോഷിച്ചു. ഇന്നു അദ്ദേഹം റുമേനിയാരാജ്യത്തിന്റെ സുവിശേഷവേലയ്ക്കു നേതൃത്വം വഹിച്ചു നടത്തു ന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ സഭാമൂപ്പന്മാരിൽ പലരും ഇൻഡ്യയിൽ വന്നു ദൈവവേല ചെയ്തിരിക്കുന്നു. ഞാൻ ഒരു യുവവിശ്വാസിയായി ചെന്നൈ സർവ്വകലാശാലയിൽ ഉായിരുന്നതുമുതൽ ഇതുവരെ എനിക്കു സ്നേഹിതനായിരിക്കുന്ന ഒരാളിനെ സമീപകാലത്തിൽ ഞാൻ സന്ദർശിച്ചു. അദ്ദേഹം എന്നെക്കാൾ വയസിലും അനുഭവത്തിലും, ദൈവവേലയിലും മുതിർന്ന വ്യക്തി. ഊന്നുവടിയോടെ മാത്രമേ അദ്ദേഹത്തെകൊു നട ക്കാൻ സാധിക്കയുള്ളൂ. അദ്ദേഹത്തിന്റെ ഭാര്യ കിടക്കയിലായിരിക്കുന്നു. അവരെ നന്നായി കരുതിക്കൊള്ളത്തക്ക ഒരു സ്ഥലത്തിൽ അവർ വസിക്കുന്നു. ഉച്ചഭക്ഷണത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യ കിടന്നിരുന്ന സ്ഥല ത്തിൽ ഞങ്ങൾ പോയി. അവർ എന്നെ ഉത്സാഹത്തോടെ സ്വീകരിച്ചു. ഞങ്ങൾ തമ്മിൽ കുമുട്ടിയ ദിവസം മുതൽ ഇന്നുവരെ ദൈവം തന്നിരിക്കുന്ന ആശീർവാദങ്ങളും, അവന്റെ കൃപകളെയും ഞങ്ങൾ പങ്കുവച്ചു. ഞങ്ങൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിച്ചു. കഴിഞ്ഞ പല വർഷങ്ങളിലും ദൈവം ഞങ്ങളെ കൃപയായി നടത്തിക്കൊു വന്ന എല്ലാ വഴികളെയും എണ്ണി പുകഴ്ത്തി അവനെ സ്തുതിച്ചു.

മറക്കാൻ സാധിക്കാത്ത ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പേരിൽ ഞങ്ങൾ പ്രാർത്ഥിച്ചു. എനിക്കു ലഭിച്ചിരിക്കുന്ന നന്മയായ കാര്യങ്ങളിൽ ഇങ്ങനെയുള്ള സ്നേഹിതരുടെ ബന്ധവും ഒന്നാകുന്നു. അതുകൊു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ സുവിശേഷ ത്തിനായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടു കൂടെ കഷ്ടം സഹിക്ക (2 തിമൊ:1:8) എന്നു പൌലൊസ് അപ്പോസ്തലൻ തിമൊഥെയോസിനു വെല്ലുവിളിയായി പറയുന്നു. സ്നേഹിതന്മാർ സംരക്ഷിക്ക പ്പെടേവരും, അവർക്കു നാം ദൈവവേല ചെയ്യേവരും ആകുന്നു. അവരെ നാം ഉത്സാഹപ്പെടുത്തണം. ഇങ്ങനെ ചെയ്യുന്നതു നാം സത്യത്തെ കാണാൻ ഹേതുവാകുന്നു. ഇപ്രകാരം ദൈവവേല ചെയ്യുന്നതിനു വന്ന നാം ദൈവത്തിൽ വളരുന്നു.

ദൈവവേലക്കാർ സന്തോഷത്തോടെ പരിശ്രമിച്ചു പണിയുന്നതു പ്രോത്സാഹിപ്പിച്ചതിനാൽ വാട്ടത്തെ അതിജീവിച്ചു എന്നതു പുതിയനിയമത്തിൽ നാം കാണുന്നു. മർക്കൊസ്, എന്ന യോഹന്നാൻ തെറ്റു ചെയ്താലും പൌലൊസ് അവനെ പ്രേരിപ്പിച്ചു. പൌലൊസ് ഫിലിപ്യർക്കു എഴുതിയ ലേഖനത്തിൽ സന്തോഷവും ഉറപ്പും ഉള്ള നിലയിൽ പ്രവർത്തിക്കുമ്പോൾ വാട്ടം അതിജീവിക്കപ്പെടും എന്നു വിശദീകരിക്കുന്നു. സഭകൾ ഉാക്കു ന്നതിൽ അനുഭവം ഉള്ള പൌലൊസ് ഫിലിപ്യർക്കെഴുതിയ ലേഖനത്തിൽ സഭകൾ പണിയുന്നവർ ഉത്സാഹ ത്തോടെ വാട്ടം ഇല്ലാതെ തങ്ങളുടെ ദൈവവേലയിൽ മുന്നേറാൻ അടിസ്ഥാനമായ പല നയങ്ങൾ പറഞ്ഞിരി ക്കുന്നു.

1. നിങ്ങൾക്കു അല്ലെങ്കിൽ നിങ്ങളുടെ **ദൈവവേലയ്ക്കു** ആവശ്യത്തിലധികമായ മുഖ്യത്വം കൊടുക്കരുതു. പൌലൊസ് തന്റെ കഴിവുകളെ കുപ്പ എന്നു എണ്ണുന്നു എന്നു പറയുന്നു (ഫിലി:1:3-6).

2. വ്യക്തമായ ലക്ഷ്യം നോക്കി ദൈവവേല ചെയ്യണം. ക്രിസ്തുവിനെ അറിയുന്നതും സുവിശേഷത്തിനു ഒരു യഥാർത്ഥ ദൈവവേലക്കാരനായിരിക്കുന്നതുമാണു പൌലൊസിന്റെ ലക്ഷ്യമായിരുന്നതു.

നിങ്ങളുടെ ലക്ഷ്യം വ്യക്തമായതായിരിക്കട്ടെ. യേശുക്രിസ്തുവിനെ അറിയുന്നതിലും അവനെ അധികമായി സ്നേഹിക്കുന്നതിലും മുന്നേറുവിൻ. അവനിൽ നിന്നു ശക്തി പ്രാപിക്കുവിൻ (ഫിലി:3:12-14).

3. നിങ്ങളുടെ ലക്ഷ്യം പങ്കുവയ്ക്കുന്ന ചില ജനങ്ങളോടു വളരെ അടുത്തതും ദൃഢമായതുമായ ബന്ധം വച്ചുകൊള്ളുവിൻ. വെറും പന്ത്രുപേർ ഉായിരുന്നാൽ മതി. അവർ നിങ്ങൾ വസിക്കുന്ന സ്ഥലത്തു തന്നെ താമസിക്കണം എന്ന ആവശ്യമില്ല. എന്നാൽ മുടങ്ങാതെ അവരോടു ബന്ധം വെച്ചു പ്രാർത്ഥിക്കുന്നതു വളരെ ആവശ്യം.

പൌലൊസ് കാരാഗൃഹത്തിൽ ആയിരുന്നപ്പോൾ അവനു വന്ന കത്തുകൾ, അവനെ നോക്കി വന്ന സ്നേഹിതർ, അവനു ലഭിച്ച പാരിതോഷികങ്ങൾ ഇവ എല്ലാം അവനു അളവിൽ കവിഞ്ഞ പ്രോത്സാഹനം നൽകി. നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും താങ്ങുന്നതുമായ സംഘങ്ങളോടു എപ്പോഴും ബന്ധപ്പെട്ടു കൊിരിപ്പിൻ.

4. ശരീരത്തിലും, പ്രാണനിലും, ആത്മാവിലും ബലമുള്ളവരായിരിപ്പിൻ. ക്രമമായ വേദവായന, പ്രാർത്ഥനാസമയം, ധ്യാനസമയം, വ്യക്തിപരമായതും അല്ലാതെയുമുള്ള ഉപവാസം ഇവ എല്ലാം ഒഴിച്ചുകൂട്ടാൻ കഴിയാത്തവ. ഇഷ്ടമുള്ള ഒരു വിനോദപരിപാടി സ്വീകരിപ്പിൻ. വിശ്രമിച്ചു പുതിയ ഉണർവു പ്രാപിപ്പിൻ. കുടുംബമായി സന്തോഷിക്കുവിൻ. ഇതുവളരെ മുഖ്യം.

ശാരീരികസുഖം കാത്തുസൂക്ഷിക്കുവിൻ. പുകവലി, മദ്യപാനം പോലുള്ള ചീത്ത സ്വഭാവങ്ങൾ നിങ്ങളെ സമീപിക്കാതെ കാത്തുസൂക്ഷിക്കുവിൻ. ആവശ്യമായ വിശ്രമം എടുക്കുവിൻ. തിരുസഭകളെ ഉളവാക്കുന്ന യേശുക്രിസ്തുവിന്റെ സ്ഥാനപതികളായ ദൈവവേലക്കാർ ശരീരം, പ്രാണൻ, ആത്മാവു എന്നീ മൂന്നിലും ബലമുള്ള ജനങ്ങളായിരിക്കണം.

5. തിരുസഭ ഉരുവാക്കുന്നവർ വിവാഹിതരായിരുന്നാൽ അവർ തങ്ങളുടെ കുടുംബബന്ധങ്ങളെ പരിപോഷിപ്പിക്കണം. സന്തോഷം നിറഞ്ഞ കുടുംബം അവർക്കു ഒരു വില കൂടിയ സ്വത്തു. തങ്ങളുടെ സ്വന്തകുടുംബത്തെ ക്രിസ്തുവിനുള്ളിൽ പണിയുന്നതായിരിക്കണം അവരുടെ ആദ്യജോലിയായിരിക്കണം. അവരുടെ കുടുംബം മുഴുവനും അവരുടെ സഭ ഉരുവാക്കുന്ന വേല ആദരിക്കുമ്പോൾ അവർക്കു നല്ല ഉത്സാഹവും ബലവും ലഭിക്കും.

ഒരു ദൈവവേലക്കാരൻ മുകളിൽ പറഞ്ഞ അഞ്ചുനയങ്ങളെയും സ്വീകരിച്ചു ഉത്സാഹമുള്ള ആത്മാവോടു പ്രവർത്തിക്കുമ്പോൾ തന്റെ ദൈവവേലയിൽ വളവും ആവശ്യവും ബലവും പ്രാപിക്കും.

നാം ദുഃഖത്തിലിരിക്കുമ്പോൾ നമ്മെ ആശ്വസിപ്പിച്ചു, വാടിപ്പോയപ്പോൾ നമ്മെ ഉത്സാഹിപ്പിച്ചു, തളർന്നുപോയ നമ്മെ ധൈര്യപ്പെടുത്തി, പിൻമാറുമ്പോൾ നമ്മെ ഉത്സാഹപ്പെടുത്തി, വഴിവിട്ടുമാറുമ്പോൾ നമ്മെ മുന്നറിയിച്ചു, ഇങ്ങനെ നമ്മോടു ക്ഷമയോടിരുന്ന നമ്മുടെ സ്നേഹിതർക്കു നാം വളരെ കടപ്പെട്ടവരാകുന്നു (1 തെസ്സ:5:14).

website:www.jamakaran.com

# മെശിഹയാൽ നിറവേറ്റപ്പെട്ട ദൈവവേല

Rev. Dr. Theodore Williams

ക്രിസ്മസ് അല്ലെങ്കിൽ വാർത്തയായി യേശുക്രിസ്തു ലോകജനതക്കായി ജനിച്ചു എന്നും, നമുക്കായും ജനിച്ചു എന്നും ആോടാുകാലം ആ ഒരേ വിഷയത്തെപ്പറ്റി തന്നെ പലരും ആവർത്തിച്ചാവർത്തിച്ചു പ്രസംഗിച്ചതു നാം കേട്ടിരിക്കാം. എന്നാൽ വേദപുസ്തകപണ്ഡിതനും ലോകപ്രസിദ്ധ കൺവെൻഷൻ പ്രസംഗകനും പ്രസിദ്ധവേദപുസ്തക അദ്ധ്യാപകനുമായ പരേതനായ റവ:ഡോ.തിയോഡർ വില്യംസ് അവർകൾ യേശുക്രിസ്തുവിന്റെ ജനനത്തെ വേദപുസ്തക ഗവേഷണത്തിലൂടെ വേദപാഠമായി പ്രസംഗിച്ചിരിക്കുന്നതിനെയാണു നിങ്ങൾ തുടർന്നുവായിക്കാൻ പോകുന്നതു.

(ഇൻഡ്യൻ ഇവാഞ്ചലിക്കൽ മിഷണറി - IEM സ്ഥാപകജനറൽ സെക്രട്ടറി ആയിരുന്ന റവ:ഡോ.തിയോഡർ വില്യംസ് അവർകൾ യെശയ്യാപ്രവചനപുസ്തകത്തിൽ നിന്നു **"യേശുക്രിസ്തുവിന്റെ ദാസത്വത്തെ"** ക്കുറിച്ചു ഗവേഷണം ചെയ്തു അതിനെ 1993 ആഗസ്റ്റ് മാസ **അരുട് പണി** എന്ന തമിഴ്മാസികയിൽ പ്രസിദ്ധീകരിച്ചു. **മെശിഹയായ ക്രിസ്തു** ഒരു ദൈവവേലക്കാരനായി ചിത്രീകരിക്കപ്പെടുന്നതിനെ യെഹൂദന്മാർക്കു മനസ്സിലാക്കാൻ സാധിച്ചില്ല. എന്നാൽ ഇതാണു വാസ്തവം. യേശുക്രിസ്തുവിന്റെ ജനനവും പുതുവർഷ ആഘോഷങ്ങൾക്കുമായി കടന്നുപോയിക്കൊിരിക്കുന്ന നാം ക്രിസ്തുജനിച്ചശേഷം അവനെ കൊുവന്നു ഇട്ട ആ പുൽക്കൂടുമുതൽ **ക്രൂശുവരെ** നമുക്കുവേി പൂർണ്ണമായി **അനുസരിച്ച മെശിഹയ്ക്കായി** നാം നന്ദി ചെലുത്തണം).

ആഫ്രിക്കയിൽ നിന്നു യേശുക്രിസ്തുവിനെ പിൻപറ്റിയ ആദ്യ ശിഷ്യൻ എത്തിയോപ്പിയാരാജ്യത്തിലെമന്ത്രി യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽ യേശുക്രിസ്തുവിന്റെ ദാസത്വത്തെക്കുറിച്ചു എഴുതിയിരുന്ന ഭാഗം **ഫിലിപ്പൊസ്** എന്ന ശിഷ്യൻ ആ മന്ത്രിക്കു വിശദീകരിച്ചു പറഞ്ഞതിനുശേഷം അവൻ **യേശുവിനടുക്കൽ** വന്നു. അവൻ എത്തിയോപ്യാരാജ്ഞിയായ കന്ദക എന്ന സ്ത്രീയുടെ മന്ത്രിയും അവരുടെ ധനകാര്യവകുപ്പിന്റെ തലവനുമായിരുന്ന അവൻ ഒരു യെഹൂദൻ ആകുന്നു. അവൻ വായിച്ചുകൊിരുന്ന യെശയ്യാവു 52:13 മുതൽ 53:12 വരെയുള്ള വേദഭാഗമായിരുന്നു. ഈ വേദഭാഗത്തെ വിശദീകരിച്ചു പറഞ്ഞവൻ മുകളിൽ സൂചിപ്പിച്ചതുപോലെ ക്രിസ്തുവിന്റെ ശിഷ്യനായ ഫിലിപ്പൊസ് ആകുന്നു. ഈ സംഭവം മുഴുവനും അ:പ്രവൃത്തികൾ 8:26-39 വരെയുള്ള വചനങ്ങളിൽ എഴുതിയിരിക്കുന്നു. മെശിഹായുടെ ദാസത്വം അല്ലെങ്കിൽ ശുശ്രൂഷയുടെ പങ്കിനെ യെഹൂദന്മാർ മനസ്സിലാക്കിയിരുന്നില്ല. അതുകൊാണു അവർ യേശുവിനെ ക്രൂശിൽ തറെച്ചതു. മെശിഹാ രാജാവായി വരും എന്നും അവന്റെ വരവും മഹത്വത്തെയും കുറിച്ചു പ്രവാചകർ മുന്നറിയിച്ചതു മാത്രം അവർ സ്വീകരിച്ചു. ആ പ്രവചനവചനങ്ങളിൽ ചിലതു: "സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു; കർത്താവു അവരെ പരിഹസിക്കുന്നു. അന്നു അവൻ കോപത്തോടെ അവരോടു അരുളിച്ചെയ്യും; ക്രോധത്തോടെ അവരെ ഭ്രമിപ്പിക്കും. എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു" (സങ്കീ:2:4-6). "അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽ നിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നു നീങ്ങിപ്പോകയില്ല; ജാതികളുടെ അനുസരണം അവനോടു ആകും (ഉല്പത്തി 49:10) എന്നു സൂചിപ്പിച്ചിരിക്കുന്നു. കൂടാതെ "നീയോ, ബേത്ത്ളേഹേമേ, എഫ്രാത്തേ, നീ യെഹൂദസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പയേുള്ളതും പുരാതനമായതും തന്നേ" (മീഖ 5:2). 'എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനിൽക്കും? (മലാഖി 3:12).

കഷ്ടപ്പെടുന്ന ദൈവവേലക്കാരനായി മെശിഹാ മുകളിൽ സൂചിപ്പിക്കപ്പെട്ട പ്രവചനങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന വേദഭാഗങ്ങൾ **യെഹൂദന്മാർ** മനസ്സിലാക്കിയില്ല. മെശിഹായുടെ രാജാവിന്റെ അധികാരവും ശക്തിയും അതേസമയം ആ പ്രവചനത്തിൽ അവൻ ജനങ്ങൾക്കായി **കഷ്ടപ്പെടുന്ന ദാസന്റെ** ശുശ്രൂഷയും അതിൽ അടങ്ങിയിരിക്കുന്നു എന്നതു അവർ അറിയാതിരുന്നു. **ഇന്നുവരെ** യെഹൂദന്മാരുടെ ആ **തെറ്റായ മനസ്സിലാക്കൽ** ഇതുതന്നെ. അതുകൊാണു മെശിഹയായ ക്രിസ്തുവിനെ അവർ സ്വീകരിക്കാതിരുന്നതു.

മെശിഹായുടെ **ശുശ്രൂഷയുടെ പങ്കു ശിഷ്യന്മാർ പോലും** മനസ്സിലാക്കിയില്ല. യേശുക്രിസ്തു ഈ ഭൂമിയിൽ ദൈവവേല ചെയ്തപ്പോൾ തന്റെ കഷ്ടപ്പാടു മരണത്തെക്കുറിച്ചു ശിഷ്യന്മാരോടു പങ്കുവച്ചു (മത്തായി 16:21; മാർ:8:31; ലൂ:9:22). എന്നാൽ അവരെ കൊു അതു മനസ്സിലാക്കാൻ സാധിച്ചില്ല. "കർത്താവേ, അതു അരുതേ; നിനക്കു അങ്ങനെ ഭവിക്കരുതേ" എന്നു പത്രൊസ് അവനെ ശാസിച്ചു (മത്തായി 16:22). മാളികമുറിയിൽ അവൻ ശിഷ്യന്മാരോടൊപ്പം അത്താഴം കഴിച്ചുകൊിരുന്നപ്പോൾ യേശു തന്റെ മേൽവസ്ത്രം ഊരി, ഒരു തുവർത്തു എടുത്തു അരയിൽ കെട്ടി അവരുടെ **കാലുകൾ കഴുകി.** എന്നാൽ പത്രൊസിന്റെ മറുപടി നോക്കുമ്പോൾ, യേശുക്രിസ്തു ചെയ്ത ഈ കാര്യത്തിൽ മുഖ്യത്വം അവർ മനസ്സിലാക്കിയില്ല എന്നു വ്യക്തമാകുന്നു. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു താൻ കഷ്ടപ്പെടാനും മഹത്വത്തിൽ കടക്കേതല്ലയോ എന്നു പറഞ്ഞു **പ്രവാചകന്മാർ** തന്നെക്കുറിച്ചു എഴുതിയ വേദവാക്യങ്ങൾ അവർക്കു വിവരിച്ചുകാണിച്ചു (ലൂ:24:26; 27:44-46). യെശയ്യാവിന്റെ വേദഭാഗത്തുള്ള (Servant Passage) ദാസത്വസാക്ഷിയായി മെശിഹയെ ചിത്രീകരിച്ചില്ലെങ്കിൽ ആ പ്രത്യേക ഭാഗം പിന്നെ **ആരെയാണു സൂചിപ്പിക്കുന്നത്?** ഇതിനു രുവിധമായ ആശയങ്ങൾ ഉ്.

**ഒന്നാമത്തെ ആശയം** അനുസരിച്ചു ആ വേലക്കാരൻ ഒരു വ്യക്തി. ആ വ്യക്തി ഒരു പക്ഷേ **മോശെ, ഇയ്യോബു, യോശിയാരാജാവു, യെഹസ്ക്കേൽ രാജാവു, സെരുബാബേൽ, യിരെമ്യപ്രവാചകൻ** അല്ലെങ്കിൽ യെശയ്യാപ്രവാചകനു 150 വർഷങ്ങൾക്കുശേഷം ബാബിലോൺ ഭരിച്ച രാമത്തെ യെശയ്യാവു എന്നു അന്നു വിളിക്കപ്പെട്ട അറിയപ്പെടാത്ത ഒരു പ്രവാചകനായിരിക്കാം. ഈ വിഷയത്തിനു ഇത്ര അധികം പേരുകൾ ഊഹിക്കുന്നതു ഈ ആശയത്തിന്റെ ബലഹീനതയെ വെളിപ്പെടുത്തുന്നു.

**രാമത്തെ ആശയം** പറയുന്നതെന്താണെന്നുവച്ചാൽ ആ **ദാസൻ** അല്ലെങ്കിൽ **ശുശ്രൂഷകൻ** എന്നതു യിസ്രായേലിനെ സൂചിപ്പിക്കുന്നതായിരിക്കാം. അതായതു....യിസ്രായേൽ ജനവുമായിരിക്കാം. കാരണം യേശുക്രിസ്തുവിന്റെ ദാസത്വത്തെ വിശദീകരിക്കുന്ന വേദഭാഗങ്ങളിൽ ദാസനു പ്രയോജനപ്പെടുത്തുന്ന അതേ എബ്രായവാർത്തകൾ **യിസ്രായേൽ ജനങ്ങൾക്കും** പ്രയോജനപ്പെടുത്തിയിരിക്കുന്നു (യെശയ്യാ 41:8, 9; 42:1; 43:1, 10 എന്നീ വചനങ്ങളെ താരതമ്യപ്പെടുത്തി നോക്കണം).

എന്നാൽ ഇവ രിലും ഭിന്നതകൾ ഉു. അതു എന്താണെന്നു വച്ചാൽ, **യിസ്രായേൽ കുരുടനും ചെവികേൾക്കാത്തവനുമായിരിക്കുന്നു** (യെശ:42:19) എന്നു ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ ദാസൻ **നന്നായി ശ്രദ്ധിക്കുന്നവനായും, പ്രകാശമായും ചിത്രീകരിച്ചിരിക്കുന്നു.** അതുമാത്രവുമല്ല, യിസ്രായേൽ..............., തന്റെ ഇഷ്ടംപോലെ നടന്നു, അതനുസരിച്ചു ശിക്ഷ പ്രാപിക്കുന്നവൻ. എന്നാൽ **ദാസനാണെങ്കിൽ** പാപമില്ലാത്തവൻ, ജനങ്ങൾക്കായി തന്നെ ഏല്പിച്ചുകൊടുത്തവൻ. ഈ വ്യത്യാസങ്ങളുടെ വെളിച്ചത്തിൽ നോക്കിയാൽ, ദാസത്വവേദഭാഗങ്ങൾ **യിസ്രായേൽ ജനത്തെ സൂചിപ്പിക്കുന്നു** എന്നു പറയാൻ സാധ്യമല്ല. അതുകൊു ഈ പ്രവചനവേദഭാഗം മെശിഹയായ ക്രിസ്തുവിനെ മാത്രമാണു സൂചിപ്പിക്കുന്നതു എന്ന തീരുമാനത്തിൽ എത്താം.

യിസ്രായേല്യരും ദൈവവേലക്കാരായി വിളിക്കപ്പെട്ടു. എന്നാൽ അവൻ തന്റെ ദൈവവേലയെ തെറ്റിച്ചു കളഞ്ഞു. തനിക്കു നൽകിയ ദൈവവേലയെ പൂർണ്ണമായി നിറവേറ്റിയ **വിശ്വസ്തനായ ദൈവവേലക്കാരനായ** യേശുക്രിസ്തു ആയിരിക്കുന്നതുകൊു അവനാണു **നമുക്കു മാതൃക**. അതുകൊു അവന്റെ സഹായത്താൽ മാത്രമേ അവന്റെ ദൈവവേലയെ നിറവേറ്റാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

അതുകൊു ദാസത്വവേദഭാഗത്തു കൊടുത്തിരിക്കുന്ന **ദൈവവേലക്കാരന്റെ ദൈവവേലയെയും** ഗുണാതിശയങ്ങളെയും ഈ നാളുകളിൽ ആരായുന്നതു നമുക്കു നല്ലതു.

"പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ: 20:21) എന്നു യേശു പറഞ്ഞിരിക്കുന്നു.

ദൈവവേലക്കാരനായിരിക്കുന്നതിനു പിതാവ് യേശുക്രിസ്തുവിനെ ഈ ലോകത്തിൽ അയച്ചു.

നാമും **ദൈവവേലക്കാരായി/വേലക്കാരായിരിക്കുന്നതിനു** അയക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ദൈവവേലയും **ശുശ്രൂഷകന്റെ വേലയാകുന്നു.**

## മെശിഹയുടെ തലയായ പങ്കു:

കർത്താവായ യെശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനുശേഷം മെശിഹയുടെ ദാസത്വത്തെ അപ്പൊസ്തലന്മാരും ആദിമ തിരുസഭയും നന്നായി മനസ്സിലാക്കിയിരുന്നു. അതുകൊാണു അവരുടെ പ്രസംഗങ്ങളിൽ ഈ ആശയത്തെ അധികമായി പ്രയോജനപ്പെടുത്തിയിരിക്കുന്നതു. അപ്പൊസ്തലപ്രവൃത്തികൾ 3, 4 എന്നീ അദ്ധ്യായങ്ങളിൽ നോക്കുമ്പോൾ യേശുക്രിസ്തുവിനെ **വേലക്കാരൻ** എന്നും **ദാസൻ** എന്നും യേശുവിനെ വിളിച്ചു (ഇംഗ്ലീഷ് വേദപുസ്തകത്തിൽ Servant എന്ന പദം എഴുതപ്പെട്ടിരിക്കുന്നു). അ:പ്ര:3:13, 26; 4:27, 30 ൽ അപ്പൊസ്തലന്മാർ യേശുക്രിസ്തുവിനെ **ദാസൻ** എന്നു അറിയിച്ചിരിക്കുന്നു.

യെശയ്യാവിൽ ദാസൻ എന്നു ചിത്രീകരിക്കപ്പെട്ടിരിക്കുന്ന വേദഭാഗങ്ങളിൽ യേശുക്രിസ്തുവിനെ ദാസൻ എന്നു അറിയിച്ചിരിക്കുന്നു. യെശയ്യാവിൽ ദാസൻ എന്നു ചിത്രീകരിക്കപ്പെട്ടിരിക്കുന്ന വേദഭാഗങ്ങളിൽ **യേശുക്രിസ്തുവിന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേല്പു** എന്നിവ മുന്നറിയിപ്പായി ഇരിക്കുന്നു. അപ്പൊസ്തലനായ പത്രൊസ് തന്റെ പ്രസംഗത്തിൽ മാത്രം യേശുവിനെ **ദാസൻ** എന്നു പറഞ്ഞില്ല (അ:പ്ര:3:13-15).

തന്റെ ലേഖനത്തിലും പ്രവചനപുസ്തകത്തിലുള്ള **ദാസത്വ വേദഭാഗത്തെ** സൂചിപ്പിച്ചിരിക്കുന്നു (1 പത്രൊസ് 2:20-25).

അപ്പൊസ്തലനായ പൌലൊസ് പിസിദ്യദേശത്തുള്ള അന്ത്യൊക്യയിൽ പ്രസംഗിച്ചപ്പോൾ യേശുക്രിസ്തുവിന്റെ **ദാസത്വ**വേദഭാഗത്തെ സൂചിപ്പിച്ചു (അ:പ്ര:13:46, 47; യെശയ്യാവു 49:6).

യെശയ്യാവു 53:1-ാം വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നതു റോമർ ലേഖനത്തിലും സൂചിപ്പിച്ചിരിക്കുന്നു (റോമർ 10:16).

അതുമാത്രവുമല്ല യെശയ്യാവു 52:15-ാം വചനത്തെ റോമർ 15:20, 21 വചനങ്ങളിലും സൂചിപ്പിച്ചിരിക്കുന്നു. ഫിലിപ്പിയർ 2:5-11 വരെയുള്ള Christological hymn എന്നു വിളിക്കപ്പെടുന്ന വചനങ്ങൾ **കഷ്ടപ്പെടുന്ന ദൈവവേലക്കാരെക്കുറിച്ചു** എഴുതപ്പെട്ട പ്രവചനവചനങ്ങൾക്കു യോജിച്ചിരിക്കുന്നു.

അപ്പൊസ്തലന്മാരും ആദിമ തിരുസഭക്കാരും നമ്മുടെ **കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതം, പ്രവൃത്തി** എന്നിവയെ **കഷ്ടപ്പെടുന്ന ദൈവവേലക്കാരനെക്കുറിച്ചു** പറയപ്പെട്ട പ്രവചനവചനങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കി. ഇവർ മെശിഹയെ ലോകത്തിനു അറിയിച്ചതിൽ അവന്റെ ദാസത്വമാണു മുഖ്യമായിരുന്നതു.

**മെശിഹയാൽ സ്വീകരിച്ച പങ്കു:**

**കഷ്ടപ്പെടുന്ന ദൈവവേലക്കാരന്റെ** പങ്കു മെശിഹ സ്വീകരിച്ചു. ലോകം തെറ്റായി മനസ്സിലാക്കുന്ന വിധത്തിലുള്ള മെശിഹയുടെ ആ തെറ്റായ പങ്കു അവർ സ്വീകരിച്ചില്ല. അതുകൊണ്ടു യേശു തന്നെ **"മനുഷ്യപുത്രൻ"** എന്നും **"ദാസൻ"** എന്നും വിളിച്ചത്.

അവൻ മനുഷ്യപുത്രനെക്കുറിച്ചു എഴുതപ്പെട്ടിരിക്കുന്നതിനെ ദാനിയേൽ 7:13, 14 ൽ കാണാം. "രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തു വരുമാറാക്കി. സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേതിനു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു". നിത്യാധിപത്യം എന്ന ആ മഹത്വവും രാജത്വവും മനുഷ്യപുത്രനു അല്ലെങ്കിൽ മെശിഹയ്ക്കു കൊടുക്കപ്പെട്ടതു എന്നതു ശ്രദ്ധിപ്പിൻ. **മനുഷ്യപുത്രൻ, ദാസൻ** എന്നീ രു സ്വഭാവങ്ങളും മെശിഹയായ തന്നിൽ യോജിപ്പിച്ചിരിക്കുന്നു എന്നതു യേശു അറിഞ്ഞിരുന്നു.

**ദാസന്റെ** പങ്കു യേശുക്രിസ്തു സ്വീകരിച്ചു എന്നതു സുവിശേഷങ്ങൾ വ്യക്തമായി വിവരിക്കുന്നു. യേശു തന്റെ ദൈവവേല ആരംഭിക്കുന്നതിനുമുമ്പു പരിശുദ്ധാത്മാവിനാൽ മരുഭൂമിയിലേക്കുകൊുപോകപ്പെട്ടു സാത്താനാൽ പരീക്ഷിക്കപ്പെട്ടു. അവന്റെ ആ പരീക്ഷകൾ എല്ലാം തന്നെ ലോക നോട്ടത്തിലുള്ള മെശിഹയുടെപങ്കിനെ അവൻ സ്വീകരിക്കാൻ **യേശുവിനു** ആഗ്രഹം ഉാക്കുന്നതായിരുന്നു. യേശു അതിനെ ഉപേക്ഷിച്ചു പിതാവു തനിക്കു വെളിപ്പെടുത്തിയ **ദൈവവേലക്കാരന്റെ** പങ്കു ചൂിക്കാണിച്ചു സാത്താനെ അതിജീവിച്ചു.

**"മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേി** തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു" (മത്തായി 20:28). യെശയ്യാവിന്റെ ദാസത്വവേദഭാഗത്തു പറഞ്ഞിട്ടുള്ളതുപോലെ **മനുഷ്യപുത്രൻ ദാസന്റെ** പങ്കു തന്നിൽ യോജിച്ചിരിക്കുന്നതു യേശുക്രിസ്തു അറിഞ്ഞിരുന്നു. അവനെ ക്രൂശിൽ തറയ്ക്കുന്നതിനു പിടിച്ചു കൊുപോകുന്നതിനുമുമ്പു തന്റെ ശിഷ്യന്മാരോടു: "അനീതി ചെയ്യുന്നവരിൽ ഒരുവനായി എണ്ണപ്പെട്ടു എന്നു എഴുതിയിരിക്കുന്ന വാക്യം എന്നിൽ നിറവേറപ്പെടണം എന്നു നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു (ലൂ:13:27). ഇതു യെശയ്യാവു 53:12 ലുള്ള ദാസത്വവേദഭാഗത്തിൽ നിന്നു തെരഞ്ഞെടുത്തു അവൻ സൂചിപ്പിക്കുന്നു.

**മെശിഹയെപ്പോലുള്ള പങ്കു:**

യേശുക്രിസ്തുവിന്റെ **ദാസത്വപങ്കു** വിവരിക്കുന്ന യെശയ്യാവിലുള്ള ദാസത്വഭാഗം സുവിശേഷവേലയ്ക്കു ഒരു നല്ല മാതൃക. അവൻ തന്റെ ശിഷ്യന്മാരോടു: **നിങ്ങളിൽ അങ്ങനെ ഉായിരിക്കാൻ പാടില്ല**. നിങ്ങളിൽ ആരെങ്കിലും വലിയവനാകുവാൻ ഇഛിച്ചാൽ അവൻ നിങ്ങൾക്കു ശുശ്രൂഷിക്കുന്നവനെപ്പോലിരിക്കട്ടെ.

"നിങ്ങളിൽ മഹാൻ ആകുവാൻ ഇഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം.....മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു വേി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നു" എന്നു പറഞ്ഞു (മത്തായി:20:26, 28).

**"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ** നിങ്ങളും തമ്മിൽ തമ്മിൽ കാൽകഴുകേതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേതിന്നു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു" (യോഹ:13:14, 15). പിതാവിന്റെ ദൈവവേല പൂർണ്ണമായി നിറവേറ്റിയ പൂർണ്ണനായ ദൈവവേലക്കാരൻ ആണു യേശുക്രിസ്തു.

# നിങ്ങളുടെ ഭാര്യയ്ക്കായി പ്രാർത്ഥിക്കുന്നതു എങ്ങനെ?

(Selected)

യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും (യെശ:40:31).

നിങ്ങളുടെ ഭാര്യയെ കരംപിടിച്ച നാൾ മുതൽ അവൾക്കുവേി പ്രാർത്ഥിക്കാൻ നിങ്ങൾ കടമപ്പെട്ടിരിക്കുന്നു എന്നതു നിങ്ങൾക്കു അറിയാമോ?

പുരുഷനു സ്ത്രീ വിവാഹബന്ധത്തിനുള്ളിൽ തുണയായിരിക്കണമെന്നതു ദൈവത്തിന്റെ അനാദിഹിതവും തീരുമാനവും ആണെന്നതു നിങ്ങൾ ഉണരണം. വിവാഹം ദൈവത്തിന്റെ പദ്ധതി. ഉല്പത്തി 2:18 വചനത്തിൽ **"അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉാക്കിക്കൊടുക്കും** എന്നു അരുളിചെയ്തു എന്നു കാണുന്നു. വിവാഹപ്രായം എത്തിയ ഓരോ ആണിനും പെണ്ണിനും തക്കതുണ ഉായിരിക്കണം എന്നതു ദൈവം ആദിയിൽ തന്നെ ഏദെൻ തോട്ടത്തിൽ അരുളിചെയ്തു.

നിങ്ങളുടെ **ഭാര്യ** എന്ന സ്ത്രീയെ നിങ്ങൾ തന്നെ കുപിടിച്ചു നിങ്ങളുടെ തുണയായി ഏർപ്പെടുത്തിയാലും അല്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കളും, ബന്ധുക്കളും നിങ്ങൾക്കായി അവളെ വിവാഹം ചെയ്തു വച്ചിരുന്നാലും ശരി, വിവാഹം എന്ന പദ്ധതിയിൻ കീഴിൽ നിങ്ങളും ഭർത്താവും ഭാര്യയുമായി വന്നിരുന്നാൽ, അവൾക്കായി നിങ്ങളും നിങ്ങൾക്കായി അവളും പ്രാർത്ഥിക്കണം. അതാണു നിങ്ങളെക്കുറിച്ചും നിങ്ങളുടെ വിവാഹത്തെക്കുറിച്ചും, കുടുംബത്തെക്കുറിച്ചും ദൈവത്തിനുള്ള ആദ്യത്തെ പ്രതീക്ഷ.

ഒരു കുടുംബം തകർന്നാൽ അതിന്റെ കാരണം ദൈവം മനുഷ്യനോടു (അതായതു ഭർത്താവിനോടു) ആദ്യം അന്വേഷിക്കും എന്നു നാം ചിന്തിക്കാൻ വേദപുസ്തകത്തിൽ കാരണമു. ഏദെൻ തോട്ടത്തിന്റെ നടുവിൽ ആയിരുന്ന വൃക്ഷത്തിന്റെ ഫലം മനുഷ്യനും അവന്റെ ഭാര്യയും ഭക്ഷിച്ചതു അറിഞ്ഞ ദൈവം ആദാമിനെ തേടി എന്നു നാം വായിക്കുന്നു. ഉല്പത്തി 3:9 "യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു: നീ എവിടെ എന്നു ചോദിച്ചു". ഈ വചനം വായിക്കുമ്പോൾ രു ചോദ്യങ്ങൾ നമ്മുടെ മനസ്സിൽ ഉാകാം.

**ഒന്നാമത്തെ ചോദ്യം:** ആദാമിനെയും ഏദെൻതോട്ടത്തെയും സൃഷ്ടിച്ച ദൈവത്തിനു ആദാം എവിടെ ഇരിക്കുന്നു എന്നു അറിയാൻ പാടില്ലേ? അറിയാം. എന്നാൽ ദൈവത്തിന്റെ ചോദ്യത്തിന്റെ സാരാംശം ഇതുതന്നെ. "ആദാമേ നിനക്കു എന്നോടൊപ്പം ഉായിരുന്ന ബന്ധത്തിൽ ഇപ്പോൾ എവിടെ ആയിരിക്കുന്നു? നീ ഭക്ഷിക്കാനോ തൊടാനോ പാടില്ല എന്നു കല്പിച്ച ഫലം ഭക്ഷിച്ചു പാപം ചെയ്തു എങ്കിൽ എന്നെ വിട്ടും എന്റെ കല്പനയെ ലംഘിച്ചും എന്റെ സാന്നിദ്ധ്യവും വിട്ടു ദൂരെ പോയ ആദാമേ, ഇപ്പോഴും നീ എവിടെ ആയിരിക്കുന്നു എന്നതു നിനക്കു അറിയാമോ?

**രാമത്തെ ചോദ്യം: പാപം ചെയ്ത സ്ത്രീയോടു** ദൈവം എന്തുകൊു വിശദീകരണം ചോദിച്ചില്ല? ഇതിനുകാരണം എന്താണെന്നു വേദപുസ്തകം വ്യക്തമായി പറഞ്ഞില്ലെങ്കിലും വേദപണ്ഡിതന്മാർ പറയുന്ന പ്രസ്താവന ഇങ്ങനെ: ദൈവം തന്റെ കല്പനയെ മനുഷ്യനാണു കൊടുത്തതു. അവനിൽ നിന്നാണു

ഹവ്വ ആ കല്പനയെ അറിഞ്ഞിരിക്കണം. അങ്ങനെയിരിക്കെ താൻ ആർക്കു ഉത്തരവാദിത്വം കൊടുത്തുവോ അവനിൽ നിന്നാണു അതിനെക്കുറിച്ചു അവനോടു തന്നെ അന്വേഷിക്കുന്നതാണു നീതിമാനായ ദൈവത്തിന്റെ സ്വഭാവം.

ഇതുവായിക്കുന്ന എന്റെ പ്രിയസഹോദരാ, കുടുംബം എന്ന ഉത്തരവാദിത്വം ദൈവം നിങ്ങളിൽ നിങ്ങളെ വിശ്വസിച്ചു നൽകിയിരിക്കുന്നു എന്നതു മറന്നുപോകരുത്. നിങ്ങൾ നിങ്ങളുടെ ഭാര്യയെ കരം പിടിച്ചു ആറുമാസങ്ങളോ, ആറുവർഷങ്ങളോ, അറുപതുവർഷങ്ങളോ എത്രകാലം ആയിരുന്നാലും കുടുംബതലവൻ എന്ന അന്തസു സർക്കാർ നൽകുന്ന റേഷൻ കാർഡിൽ മാത്രമല്ല, ദൈവത്തിന്റെ നോട്ടത്തിലും നിങ്ങൾക്കു തന്നെ.

നിങ്ങളുടെ ഭാര്യയ്ക്കായി ദിവസേന അല്പസമയം എടുത്തു താഴെ കാണുന്ന പോലെ പ്രാർത്ഥിക്കുമോ? ദൈവം നിങ്ങളെ ആശീർവദിക്കും.

***എന്റെ കർത്താവേ,***

☞ *നീ പ്രതീക്ഷിക്കുന്നവണ്ണം നല്ല ഭർത്താവായി എന്നെ മാറ്റണമേ. നീ എനിക്കു തന്ന ആ വലിയ ഉത്തരവാദിത്വം അലക്ഷ്യപ്പെടുത്താനോ അശ്രദ്ധയോടെ കൈകാര്യം ചെയ്യാനോ എന്നെ അനുവദിക്കല്ലേ!*

☞ *എന്റെ **ഭാര്യയുടെ ആവശ്യങ്ങൾ** എന്താണെന്നു മനസിലാക്കാനും അവളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും എന്താണെന്നു മനസിലാക്കാനും അവൾ പറയുന്നതു ശ്രദ്ധയോടെ കേൾക്കാനും വേകൃപ തരേണമേ!*

☞ *അവൾ എനിക്കു തരുന്ന **ആലോചനകൾ** അങ്ങയുടെ ഹിതപ്രകാരം ഉള്ളവയാണോ എന്നു മനസ്സിലാക്കാൻ വചനത്തിന്റെ വെളിച്ചം തരേണമേ. ദൈവമേ എന്റെ സ്വയ ആഗ്രഹങ്ങളെയും വെറുപ്പുകളെയുംകാൾ എന്റെ അസ്ഥിയിൽ നിന്നും അസ്ഥിയും മാംസത്തിൽ നിന്നു മാംസവുമായിരിക്കുന്ന എന്റെ ഭാര്യയുടെ ആഗ്രഹങ്ങളെയും വെറുപ്പുകളെയും ഉന്നതമായി കരുതാനുള്ള കൃപ തരേണമേ.*

☞ *എന്റെ സംസാരത്തിലും സ്വഭാവത്തിലും അവളെ ബാധിക്കുന്ന കാര്യങ്ങൾ എന്താണെന്നു അറിഞ്ഞു അവയെ ഉപേക്ഷിക്കാൻ സഹായിക്കണേ.*

☞ *ക്രിസ്തു തന്റെ **ശരീരമായ സഭയെ സ്നേഹിക്കുന്നതുപോലെ** എന്റെ ഭാര്യയെ സ്നേഹിക്കാനും സ്വയമല്ലാത്തതും ത്യാഗപൂർവ്വമായതുമായ സ്നേഹം അവളിൽ ചെലുത്താൻ എന്നിൽ അവിടുത്തെ സ്നേഹത്തെ പകരേണമേ.*

☞ *ഞാൻ ഇതുവരെ അവളെ നടത്തിയവിധങ്ങളെക്കുറിച്ചു ഞാൻ ലജ്ജിക്കുന്നു; മനസ്താപപ്പെടുന്നു. ഇനിമുതൽ അവളെ ബഹുമാനിക്കാനും അവളിൽ എന്റെ സ്നേഹം കാണിക്കാനും പരിശുദ്ധാത്മാവിന്റെ സഹായം ഞാൻ തേടുന്നു കർത്താവേ.*

☞ *അവൾ എന്നെക്കാൾ ശരീരബലം കുറഞ്ഞവൾ എന്നതു ഞാൻ ഉണർന്നു അവളെക്കൊ ചെയ്യാൻ സാധിക്കാത്തതിനെ ഞാൻ ചെയ്യാനും അവൾക്കു ചെയ്യാൻ കഴിയുന്നവയെ ഇനിയും നന്നായി ചെയ്യാൻ പ്രേരിപ്പിക്കാനും എന്നെ സഹായിക്കണമേ.*

☞ *അവൾ **ശരീരത്തിൽ ക്ഷീണിക്കുമ്പോൾ** അവളെ അന്വേഷിക്കാനും, സഹായിക്കാനും ആത്മാവിൽ ക്ഷീണിക്കുമ്പോൾ അവളോടൊപ്പം ചേർന്നു പ്രാർത്ഥിക്കാനും അവൾക്കായി ഞാൻ തനിയെ പ്രാർത്ഥി ക്കാനും സമയം വേർതിരിക്കാൻ സഹായിക്കണേ.*

☞ *ഞാൻ അവളെ നടത്തുന്ന **രീതി കു എന്റെ മക്കളും ബന്ധുമിത്രാതികളും** അവളെ ബഹുമാനിക്കാനും ബഹുമാനത്തോടെ നടത്താനും ഇടയാകട്ടെ.*

☞ *എന്റെ മക്കൾ നടക്കേ വഴിയിൽ അവരെ നടത്തി അവർ ഒരിക്കലും അവൾക്കു വ്യസനം ഉാക്കാത്തവിധത്തിൽ അവരെ പരിശീലിപ്പിക്കാനും എന്നെ സഹായിക്കണേ.*

☞ ***ഉയർച്ചയിലും, താഴ്ചയിലും, സമൃദ്ധിയിലും, ദാരിദ്ര്യത്തിലും, ആരോഗ്യത്തിലും, രോഗത്തിലും ഞാൻ അവളോടൊപ്പം ഇരിക്കാനും അവളോടു ചേർന്നു അങ്ങയുടെ നാമത്തെ ഉയർത്താനും അങ്ങയെ ആരാധിക്കാനും ഇടയാക്കണേ.***

☞ *എന്റെ ഭാര്യ എനിക്കു നീ തന്ന* ***തക്ക തുണ*** *എന്നതു ഞാൻ എല്ലായ്പ്പോഴും ഉണർന്നു പ്രവർത്തിക്കാനും അങ്ങയെ സ്തുതിക്കാനും ഇടയാക്കണേ.* ***എന്റെ കണ്ണുകൾ ദുർ ഇഛയോടെ*** *മറ്റു സ്ത്രീകളെ കാണാതവണ്ണം എന്റെ കണ്ണുകളെയും, മനസ്സിനെയും കാത്തുകൊള്ളണേ. എന്നെയും തന്റെ സ്വന്തശരീരമായി കരുതുന്ന യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു പിതാവേ,* ***ആമേൻ.***

നിങ്ങൾ ഇങ്ങനെ വാസ്തവമായും ആത്മാർത്ഥമായും പ്രാർത്ഥിച്ചാൽ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മേന്മയുള്ള മനുഷ്യരായും നല്ല ഭർത്താവായും നിങ്ങളുടെ മക്കൾക്കു നല്ല അപ്പനായും മാറ്റും. നിങ്ങളുടെ കുടുംബം ക്രിസ്തുയേശുവിൽ പണിയപ്പെട്ടിരിക്കാനും, ദൈവത്തിന്റെ ആശീർവാദങ്ങൾ അവകാശമാക്കാനും നിങ്ങളുടെ ഭാര്യാവീട്ടുകാരും ഫലം നൽകുന്ന മുന്തിരിവള്ളി പോലെ ആയിരിക്കാൻ ഞാൻ വാഴ്ത്തുന്നു.

# അറിയാതെ പോയല്ലോ!
## (I NEVER KNEW)

(ഒരാൾ തന്റെ ഭാര്യ മരിച്ചശേഷം തമിഴിൽ എഴുതിയ കവിത)

(ഭാര്യയെ പല വിധത്തിൽ അലക്ഷ്യപ്പെടുത്തി അവളുടെ മനസ്സിനെ വേദനപ്പെടുത്തുന്നവർക്കായി ഇതു പരസ്യപ്പെടുത്തുന്നു)

അവൾ എന്റെമേൽകാണിച്ച താല്പര്യത്തെ ഞാൻ അറിയാതെ പോയല്ലോ
അവൾ എന്റെ മേൽ എന്തുമാത്രം ക്ഷമയോടിരുന്നിരിക്കണം
അവൾ എന്നെ പിരിഞ്ഞു പോകും വരെ ഞാൻ ഇതു അറിയാതെ പോയല്ലോ
അവൾ ദിവസം തെറ്റാതെ എനിക്കു ചെയ്ത ശുശ്രൂഷ എത്രമാത്രം
അത്രത്തോളം പ്രവർത്തിച്ച അവളെ അല്പം പോലും മനസ്സിലാക്കാതെ പോയല്ലോ
അയ്യോ.......ഇന്നവൾ മരിച്ചുപോയി ഇനി ചിന്തിച്ചിട്ടു ഫലമെന്ത?
അവൾ വഹിച്ച ക്രൂശു ധാരാളം! എങ്കിലും പുഞ്ചിരിച്ചല്ലോ!
അവളുടെ ദുഃഖങ്ങളെ തന്റെ ഹൃദയ തന്ത്രിയിൽ വച്ചു മീട്ടിയല്ലോ
അയ്യോ........ഹൃദയമില്ലാത്ത പാപി ഞാൻ, ഇതു അന്നു തന്നെ അറിയാതെ പോയല്ലോ
അവളിൽ കതോ പൂത്ത പുഞ്ചിരി, രശ്മിവീശും സന്തോഷം
അതു കൊ ു "അവൾക്കെന്തു കുറവു" എന്നല്ലേ ഞാൻ ഇരുന്നതു
"അന്നു" സഹായഹസ്തം നീട്ടാൻ അയ്യോ അറിയാതെ പോയല്ലോ!
അവൾ എന്തുകൊു ബുദ്ധിമുട്ടിക്കുന്നു എന്നു അന്നു കരുതി
ഇന്നോ, അവളെ പല ദുഃഖങ്ങൾ മൂടിയിരുന്നതു കാണുന്നു
ദുഃഖത്തിൽ ഉഴന്നിരുന്ന അവളുടെ ദുഃഖത്തെ അന്നു ഞാൻ അറിഞ്ഞിരുന്നെങ്കിൽ
അല്പമെങ്കിലും നന്മകൾ പലതും ഞാൻ ചെയ്യുമായിരുന്നല്ലോ....എന്നാൽ
മധുരമുള്ള സന്തോഷത്താൽ ദുഃഖം എനിക്കു മറച്ചുകളഞ്ഞല്ലോ

ഇനി ഞാൻ എന്തുചെയ്യും! തനിമരമായി ദുഃഖിക്കുന്നു
സന്തോഷമുള്ള അവൾ എന്റെ ജീവിതത്തിൽ ചുമടുതാങ്ങിയായി നിന്നല്ലോ
ക്ഷീണിച്ച എന്നെ വിട്ടു മറയും വരെ ഞാൻ അറിഞ്ഞില്ലല്ലോ
ഇംഗിതം, ക്ഷമ, മുഖസന്തോഷം...അടട, എത്രയെത്ര
ഇത്രയും നല്ല ഗുണങ്ങളാൽ എന്റെ ജീവിതം പുഷ്ടിപ്പെടാൻ സഹായിച്ചല്ലോ
ഈ കാനനയാത്ര തന്റെ ചെറിയ ചെറിയ പ്രവൃത്തികളാൽ....എനിക്കു
ഫലമുള്ളതാക്കി തന്നല്ലോ! പാതകൻ ഞാൻ....അറിയാതെ പോയല്ലോ

(നിങ്ങൾ നിങ്ങളുടെ ഭാര്യ മരിക്കുന്നതുവരെ കാത്തിരിക്കണമോ? വേ ഇന്നു തന്നെ അവരെ നന്ദിയോടെ പ്രശംസിക്കുക. ഇന്നുതന്നെ ഭാര്യയ്ക്കു സഹായഹസ്തം നീട്ടുക).

വാർത്തകൾ വാർത്തകൾ

# വിചാരണ തടവുകാർ

ഇന്നു ഇൻഡ്യ മുഴുവനിലും ഉള്ള ജയിലുകളിൽ കുറ്റം വിധിക്കപ്പെടാതെ സംശയാടിസ്ഥാനത്തിൽ വിചാരണ തടവുകാർ എന്ന പേരിൽ രുലക്ഷത്തിനാലായിരത്തി നാന്നൂറ്റി എൺപതു (2,04,480) പേർ ജയിലിൽ കുടുംബത്തെ വിട്ടുപിരിഞ്ഞു പല വർഷങ്ങളായി തങ്ങളുടെ ജീവിതത്തിലെ ഭൂരിഭാഗവും ജയിലിൽ കഴിച്ചുകൂട്ടിക്കൊിരിക്കുന്നു. ഇവർക്കു പരിഹാരം എന്ത്? സുമാർ 16 വർഷങ്ങൾ കഴിഞ്ഞു ഇവരുടെ മേൽ യാതൊരു കുറ്റവും ഇല്ല എന്നു പറഞ്ഞു ഒരാളിനെ വിട്ടയച്ചു എന്നു വാർത്തകൾ പറയുന്നു. ആയുഷ്ക്കാല ശിക്ഷ 15 വർഷം. ഈ വിചാരണ തടവുകാരൻ ആയുഷ്ക്കാലശിക്ഷയെക്കാൾ അധികവർഷങ്ങൾ വിചാരണക്കായി എന്നു പറഞ്ഞു ജയിലിൽ ഭക്ഷണം കഴിച്ചു വെറുതെ മറ്റു കുറ്റവാളികളോടൊപ്പം ജീവിതം മുഴുവനും നഷ്ടമാക്കി മനവേദനയാൽ ബാധിക്കപ്പെട്ടു ലോകത്തിന്മേൽ വെറുപ്പുായി അവൻ **പ്രകൃത്യാലുള്ള സ്വഭാവം** മാറിയ നിലയിൽ പുറത്തുവരുന്നു. ഇങ്ങനെയുള്ള ഒരുവൻ ലോകജനങ്ങളോടു ഏതുനിലയിൽ പഴകും, സ്വന്തസ്ഥലത്തു ഒതുക്കപ്പെട്ടവരായും സ്ഥലവാസികളുടെ സംശയദൃഷ്ടിയോടെ കാണുന്നതും സ്വന്തകുടുംബത്തിൽ ബഹുമാനിക്കപ്പെടാതെ ജീവിക്കുന്ന അവന്റെ ജീവിതം എന്തായി തീരും. ഇങ്ങനെ ജീവിക്കുന്നവർക്കാണു തീവ്രവാദസംഘങ്ങൾ കൈനിറച്ചു പണം കൊടുത്തു അവനെ തീവ്രവാദ ഉപകരണമായി മാറ്റി തങ്ങളുടെ പദ്ധതി നിറവേറ്റാൻ അങ്ങനെയുള്ളവരെ ഉപയോഗിക്കുന്നു. ഇതു നമ്മുടെ സുപ്രീം കോടതി ഉണർന്നു എന്തുകൊു ഇങ്ങനെയുള്ളവരെ ജാമ്യത്തിൽ വിടുവിക്കാൻ പാടില്ല എന്നുള്ള ചോദ്യം ഇൻഡ്യാഗവൺമെന്റിന്റെ ആഭ്യന്തരവകുപ്പിനോടു ചോദിച്ചു മറുപടി നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇതു നല്ല ആശ്വാസം നൽകുന്ന വാർത്തയായിരിക്കുന്നു. കുറ്റം നടന്ന സ്ഥലത്തിൽ **വെറുതെ നോക്കി നിന്നവർ**, യാതൊരു കുറ്റവും ചെയ്യാത്തവർ രാത്രി റോന്തുചുറ്റുന്ന പൊലീസുകാർക്ക് **കേസ്** യാതൊന്നും ലഭിച്ചില്ലെങ്കിൽ രാവിലെ ബസിൽ യാത്ര ചെയ്യാൻ ബസ് സ്റ്റാന്റിൽ കിടന്നുറങ്ങുന്നവരെ എഴുന്നേൽപ്പിച്ചു സംശയകേസിൽ അവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു ജയിലിൽ അടച്ചു അന്നത്തെ കേസിന്റെ കണക്കു ശരിപ്പെടുത്തുന്നു. ഇതു എത്രമാത്രം ക്രൂരമായ പ്രവൃത്തി? ഇതിനെയാണു സുപ്രീം കോടതി ചൂിക്കാണിച്ചു ഇങ്ങനെയുള്ളവരെ ജാമ്യത്തിൽ വിടുവിക്കാൻ ആലോചന നൽകിയതു. സുപ്രീം കോടതിക്കായി നമുക്കെല്ലാം പ്രാർത്ഥിക്കാം.

# ഇൻഡ്യയിലെ പുതിയ ഭരണം

കഴിഞ്ഞ ജാമക്കാരനിൽ എഴുതിയതു പോലെയും പ്രതീക്ഷിച്ചതുപോലെയും നമ്മുടെ ഭാരതരാജ്യ ത്തിൽ ബി.ജെ.പി നേതാവു നരേന്ദ്രമോദി വ്യക്തമായ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നു. തെര ഞ്ഞെടുപ്പുസമയത്തിൽ അവർ പറഞ്ഞ നാലുപ്രസ്താവനകൾ മറ്റെല്ലാമതക്കാരുടെ ഇടയിൽ ഭയത്തെ ഉാ ക്കിക്കൊിരിക്കുന്നു.

**1. ഞങ്ങൾ ജയിച്ചുവന്നാൽ അയോധ്യയിൽ രാമർക്ഷേത്രം പണിയും എന്നു അറിയിച്ചു.**

◇ അയോധ്യയിൽ ബാബർമസൂദി ഇതേ പാർട്ടി മുഖാന്തിരം തകർത്തതുകൊാണു ലോകം മുഴു വനും ഉള്ള ഇസ്ലാമ്യരുടെ മനസ്സിൽ വെറുപ്പുാക്കാൻ ഇടയായതു; എവിടെ നോക്കിയാലും ബോംബുസ്ഫോ ടനങ്ങളും മരണങ്ങളും തീവ്രവാദങ്ങളും വർദ്ധിച്ചതു. ഇതിന്റെ ഒരു കാരണമായിട്ടാണു അമേരിക്കയിലെ ഇരട്ട ഗോപുരം തകർത്തു ലോകം മുഴുവനും ഉള്ളവർക്കു ഞെട്ടൽ ഉാക്കിയതു. അവരുടെ വെറുപ്പും ദേഷ്യവും പകയും ഇതുവരെയായി മാറിയിട്ടില്ല. ഈ അവസരത്തിൽ ബി.ജെ.പി ഭരണം ഏറ്റ ഉടൻ ആദ്യമായി അയോ ദ്ധ്യയിൽ രാമർക്ഷേത്രം പണിയാൻ ഞങ്ങൾ നിർബന്ധിതരാകും എന്നു ആർ.എസ്.എസ്. ലീഡർ പറഞ്ഞിരി ക്കുന്നു.

## 2. പശു സംരക്ഷണം

കാള ഇറച്ചിയോ പശുക്കളെയോ വെട്ടുന്നതും കഴിക്കുന്നതും തടയാൻ ഉള്ള നിയമം പാസാക്കും. അതിനുവേി അനിമൽ സംരക്ഷണവകുപ്പു ഏർപ്പെടുത്തപ്പെടും. കാളകളെ കൊല്ലാനും കഴിക്കാനും കൊു പോകുന്നതു ശ്രദ്ധിക്കാനും തടയാനും ആർ.എസ്.എസ് ൽ ഒരു പ്രത്യേകവിംഗ് ഏർപ്പെടുത്തിയിരിക്കുന്നതായി അറിയിച്ചിരിക്കുന്നു.

ഇതു കാളയിറച്ചി കഴിക്കുന്ന ഇസ്ലാമ്യർക്കും കേരളത്തിൽ ഉള്ളവരെയും കൂടുതലായി ബാധിക്കും. അതുകൊു പുതിയ പ്രശ്നങ്ങൾ ഉാകാൻ സാധ്യത ഉു.

## 3. പൊതു സിവിൽനിയമം

എല്ലാ മതക്കാർക്കും ഒരേ മാതിരിയായുള്ള നിയമം വേണം എന്നതിനുള്ള നിയമം ഞങ്ങൾ ഉാ ക്കും. ഇതിനെ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും കരുതിയാണു ഈ നിയമം ഉാക്കുന്നതെന്നു ജനങ്ങ ളിൽ അഭിപ്രായം ഉു. ഇതു മതലഹള ഉാക്കാൻ സാധ്യത ഉു. ഈ സിവിൾ നിയമം ഹൈന്ദവമതത്തി ലുള്ളവർക്കും ബാധിപ്പു ഉാക്കും. ഹൈന്ദവമതത്തിൽ ധാരാളം ജാതികൾ ഉു. ഓരോരോ ഹൈന്ദവ വിഭാ ഗത്തിലുള്ളവർക്കും പ്രത്യേകം ആരാധനരീതികൾ ഉു. ചില സ്ഥലങ്ങളിൽ വർഷംതോറും എരുമയും കാളയും അതുപോലെയുള്ള മൃഗങ്ങളെയും യാഗം നടത്തുന്ന ഹൈന്ദവജാതികൾ ഉു. ആ ഹൈന്ദവ ജാതിക്കു മറ്റെ ല്ലാമതങ്ങളെക്കാളും വ്യത്യസ്ഥമായ വിവാഹനിയമങ്ങൾ ഹൈന്ദവർക്കിടയിൽ തന്നെ ഉു. പൊതു സിവിൽ നിയമം നടപ്പിൽ വന്നാൽ ഇൻഡ്യമുഴുവനും ഉള്ള ഹൈന്ദവർ തന്നെ ആദ്യം അതു എതിർക്കും. അതു ഭരണക ക്ഷിക്കു തന്നെ തലവേദനയായി മാറും.

## 4. ഭരണഘടന വകുപ്പു 370

മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്നവർ ഇൻഡ്യയിൽ എവിടെ പോയി സ്ഥലംവാങ്ങാനും വിൽക്കാനും താമസിക്കാനും സാധിക്കും. അതു മഹാത്മാഗാന്ധിയുടെ കാലം മുതൽ **ഏക ഇൻഡ്യാനിയമം** എന്നു അറിയി ച്ചിരുന്നു.

പക്ഷേ കാശ്മീരിൽ മാത്രം വകുപ്പു 370 അനുസരിച്ചു മറ്റുള്ളവർക്കു ഒരു ഇഞ്ചുഭൂമി പോലും സ്വന്തമാക്കാൻ സാധിക്കയില്ല. ഈ ആനുകൂല്യം ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പു തന്നെ ഉടമ്പടി ചെയ്യപ്പെട്ടിരുന്നു. അന്നത്തെ കാലത്തു 525 സംസ്ഥാനങ്ങൾ ഇൻഡ്യയോടു ചേർത്തപ്പോൾ മറ്റൊരു സംസ്ഥാനത്തിലേക്കും അനുവദിക്കാത്ത ഈ പ്രത്യേക ആനുകൂല്യം കാശ്മീരിനുമാത്രം എന്തുകൊു കൊടുത്തു? ഞങ്ങൾ ഭരണത്തിൽ വന്ന ഉടൻ ഈ ഭരണഘടനാനിയമം 370 റദ്ദാക്കും എന്നു അറിയിച്ചിരിക്കുന്നു.

മോദി അവർകൾ ജയിച്ച ഉടനെ ഞങ്ങൾ തെരഞ്ഞെടുപ്പു സമയത്തു പറഞ്ഞതെല്ലാം 300 ദിവസങ്ങൾക്കുള്ളിൽ നിറവേറ്റിക്കാണിക്കും എന്നു പത്രവാർത്തകൾ പറയുന്നു. ഇതുവരെ ഇൻഡ്യയിൽ സ്വാതന്ത്ര്യം ലഭിച്ച സമയത്തിലും സ്വാതന്ത്ര്യം ലഭിച്ചശേഷവും **മൂന്നുതവണ മതലഹള** ഉായി ലക്ഷക്കണക്കിൽ മരണം ഉായി. ഇതിൽ നിരപരാധികളായ ലക്ഷക്കണക്കായവർ വീടുകൾ നഷ്ടപ്പെട്ടു ജനിച്ച സ്വന്തമാതൃരാജ്യത്തിൽ തന്നെ അന്യരെപ്പോലെ അഭയാർത്ഥികളായി മാറി. ആ ദുഃഖവും നഷ്ടവും ഇന്നും പല സംസ്ഥാനങ്ങളിൽ നേരിട്ടു കാണാൻ സാധിക്കും. അതുകൊു ജാമക്കാരൻ വായനക്കാർ ഓരോരുത്തരും ഭരിക്കുന്നവർക്കായും അധികാരികൾക്കായും **മുഖപക്ഷം കാണിക്കാതെ** ഏക ഇൻഡ്യ എന്നും ഞാൻ ഒരു ഇൻഡ്യാക്കാരൻ എന്ന ചിന്തയോടെയും ദേശഭക്തിയോടെയും ജീവിക്കണമെന്നു നമുക്കു പ്രാർത്ഥിക്കാം.

# ദൈവം സകലവും അറിയുന്നു

റോമർ 13:1-5; തീത്തൊസ് 1-ാം അദ്ധ്യായം. ക്രിസ്ത്യാനികൾ പ്രത്യേകിച്ചു വിശ്വാസികൾ ഭരിക്കുന്നവർക്കു കീഴടങ്ങിയിരിക്കണമെന്നു നമ്മുടെ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. മോശമായ അധികാരികൾ ആയാലും മോശമായ നേതാക്കളായാലും മോശമായ ഭരണമായാലും ദൈവം സകലത്തെയും അറിയുന്നു.

റോമർ 13-ാം അദ്ധ്യായത്തിൽ ഇവരെല്ലാം മോശമായ നേതാക്കളായാലും അധികാരികൾ ആയാലും അവരെ **ദൈവവേലക്കാർ** എന്നാണു നമ്മുടെ വേദപുസ്തകം അറിയിക്കുന്നതു.

പഴയനിയമത്തിൽ ഈ വിഷയങ്ങൾ നമുക്കു മാതൃകയായിരിക്കുന്നു. ദൈവം സ്നേഹിക്കുന്ന ജനങ്ങൾ ദൈവത്തിനു അനുസരണ കാണിക്കാത്ത സമയത്തു ദൈവം തന്നെ താൻ സ്നേഹിക്കുന്ന ജനങ്ങളെ ഫെലിസ്ത്യരുടെ കൈകളിലും അമ്മോന്യരുടെ കൈകളിലും കഷ്ടങ്ങൾ അനുഭവിക്കാൻ ഏല്പിക്കുന്നു. അതുപോലെ വീും തന്റെ ജനങ്ങൾ അനുസരണ കാണിക്കാതിരുന്നതുകൊു അവരെ ഫറവോന്റെ കൈകളിൽ ഏല്പിച്ചു. അടിമകളായി പല വർഷങ്ങൾ അവർ ജീവിച്ചു. ദൈവം തന്നെ ഫറവോന്റെ ഹൃദയത്തെ രു തവണ കഠിനപ്പെടുത്തിയതായി വേദപുസ്തകത്തിൽ നാം കാണുന്നു. ഇതിനെല്ലാം ദൈവത്തിനു ഒരു ഉദ്ദേശ്യം ഉു. വിലാപം 3:33 ൽ പറയുന്നതുപോലെ മനസ്സോടെയല്ലല്ലോ ദൈവം മനുഷ്യരെ ദുഃഖിപ്പിക്കുന്നതു. ഈ അവസരത്തിൽ ജാമക്കാരൻ വിശ്വാസികളായ നാം നമ്മുടെ സ്വന്തരഹസ്യപ്രാർത്ഥനയിൽ ഓരോ പ്രാവശ്യവും നമ്മുടെ ഭാരതരാജ്യത്തിനുവേിയും ഭരിക്കുന്നവർക്കുവേിയും, അധികാരത്തിൽ ഉള്ളവർക്കായും സ്തോത്രത്തോടെയുള്ള പ്രാർത്ഥന ചെയ്യണമെന്നു 1 തിമൊ:2:1, 2 വചനത്തിൽ പരിശുദ്ധാത്മാവു പറയുന്നു. യെഹെസ്ക്കേൽ 22:30 ൽ നമ്മുടെ രാജ്യത്തെ നശിപ്പിക്കാതിരിക്കാൻ ഇടയിൽ നിൽക്കാൻ നമ്മുടെ ദൈവം പ്രാർത്ഥിക്കുന്ന വിശ്വാസികളെ തേടിക്കൊിരിക്കുന്നു.

## പ്രത്യേകപ്രാർത്ഥന

ഒരപേക്ഷയായി ഞാൻ ഇതു പറയുന്നു. ഇപ്പോഴുള്ള ഭരണത്തിനാലോ അവരുടെ പിന്നിൽ നിന്നുപ്രവർത്തിക്കുന്ന ആർ.എസ്.എസ്, ബജ്റംഗ് ദൾ തുടങ്ങിയ മതതീവ്രവാദികളാലോ ആയിരക്കണക്കിൽ പ്രവർത്തിക്കുന്ന മിഷണറിമാർക്കും വടക്കെ ഇൻഡ്യയിൽ 10,000 ൽ അധികം ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന പള്ളികൾക്കും സഭാവിശ്വാസികൾക്കും നമുക്കു പകരം മിഷണറികളായി പ്രവർത്തിക്കുന്ന നമ്മുടെ സ്വന്തസഹോദര-സഹോദരികൾക്കും അവരുടെ കുടുംബങ്ങൾക്കായും മക്കൾക്കായും അവരുടെ സംരക്ഷണത്തിനായും പ്രത്യേകപ്രാർത്ഥന ചെയ്യണം. ഇതിനെ പ്രത്യേക അപേക്ഷയായും മനോഭാരത്തോടും ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ദൈവം നമ്മെയും നമ്മുടെ രാജ്യത്തിന്മേലും കരുണ കാണിക്കുമാറാകട്ടെ.

# 120 കോടിയുടെ തട്ടിപ്പ് യോംഗിചോ ജയിലിലേക്ക്



20 മില്ല്യൻ (1 മില്ല്യൻ = 10,00,000) ഡോളറിന്റെ തട്ടിപ്പ് നടത്തിയതിന് യോംഗി ചോയും മകൻ ചോ ഹി ജന്നും ജയിലിലേക്ക്. ദക്ഷിണ കൊറിയൻ നീതിപീഠ മാണ് ശിക്ഷ വിധിച്ചിരിക്കുന്നത്. ഫെബ്രുവരി 20 നാണ് ക്രൈസ്തവ ലോകത്തെ ഞെട്ടിച്ച ഈ കോടതി വിധിയുായത്. വിക്കിപീഡിയയും മറ്റു ചില ക്രിസ്ത്യൻ പത്രങ്ങളുമാണ് വിവരം പുറത്തുവിട്ടത്.

ലോകപ്രശസ്ത സുവിശേഷകനാണ് യോംഗി ചോ. ലോകത്തിലെ ഏറ്റവും വലിയ സഭയുടെ പാസ്റ്ററുമാണ്. 10 ലക്ഷം അംഗങ്ങളുള്ള ദക്ഷിണ കൊറിയ യുടെ തലസ്ഥാനമായ സിയോളിലെ അസംബ്ലീസ് ഓഫ് ഗോഡ് സെൻട്രൽ ചർച്ചിലെ പാസ്റ്ററായ ഇദ്ദേഹത്തിനെതിരെ 2011 ൽ സഭയിലെ മൂപ്പന്മാർ തന്നെ യാണ് ആരോപണം ഉന്നയിക്കുന്നതും കോടതിയിൽ കേസ്സ് കൊടുക്കുകയും ചെയ്തത്.

മൂന്നുവർഷത്തെ തടവാണ് ചോയ്ക്കും മകൻ ജന്നിനും ലഭിച്ചിരിക്കുന്നത്. ശിക്ഷയ്ക്കാധാരമായി രു കുറ്റങ്ങളാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത്. മകന്റെ ഉടമസ്ഥതയിലുള്ള പത്രക്കമ്പനിയുടെ **ഓഹരി ലിസ്റ്റ് ചെയ്ത വിലയേക്കാൾ നാലിരട്ടി വിലയ്ക്ക് വിശ്വാസികളെക്കൊ് വാങ്ങിപ്പിച്ചു എന്നതാണ് ഒന്നാമത്തെ കുറ്റം. രാമത്തെ കുറ്റം കമ്പനി ഓഹരി കൂടുതൽ വിലയ്ക്ക് വിശ്വാസികളെ കൊ് വാങ്ങിപ്പിച്ചിട്ട്** കുറഞ്ഞ വില കാണിച്ച് **സർക്കാരിൽ നിന്ന് നികുതി ഇളവ് നേടി എന്നതാണ്.** 22 ഡോളർ വിലയുള്ള ഓഹരിയാണ് 84 ഡോളറിന് സഭക്കാരെക്കൊ് വാങ്ങിപ്പിച്ചത്. ഗുരുതരമായ ഈ കുറ്റങ്ങൾക്കാണ് അപ്പനും മകനും ജയിലിൽ കിടക്കേി വരുന്നത്. ഏതാ് 12 മില്യൻ ഡോളർ അതായത് 72 കോടി രൂപ ഈ വിധത്തിൽ യോംഗി ചോ തിരിമറി നടത്തി. ഇതുകൂടാതെ **ചർച്ച് ഫിലും** ഇയാൾ കൈയിട്ടുവാരി. 2002 ലാണ് ചോയുടെ മൂത്ത മകൻ ചോ ഹി ജൻ വിപണി വിലയുടെ നാലിരട്ടി വിലയ്ക്ക് സഭാ വിശ്വാസികളെ കൊ് നിർബ്ബന്ധിച്ച് സ്റ്റോക്ക് വാങ്ങിപ്പിച്ചത്. 2011 ൽ തന്നെ 20 മില്യൻ ഡോളറിന്റെ തട്ടിപ്പ് ചോ നടത്തിയതായി സഭാ അധികാരികൾ സിയോളിലെ മാധ്യമ പ്രവർത്തകരെ വിളിച്ചുകൂട്ടി തുറന്നു പറഞ്ഞിരുന്നു. സ്റ്റോക്ക് ബിസിനസ്സിന് അല്ലാതെയും ചർച്ച് ഫ്അദ്ദേഹം തിരിമറി നടത്തി. 2008 ൽ ചീഫ് പാസ്റ്റർ സ്ഥാനത്ത് നിന്ന് ചോ മാറുമ്പോൾ തന്നെ സഭാ കമ്മിറ്റിയുടെ അനുമതിയില്ലാതെ 18 മില്യൻ ഡോളർ കൈക്കലാക്കിയിരുന്നു. ഇത് ഹാനിയോ റീച്ച് ന്യൂസ് സൈറ്റ് റിപ്പോർട്ട് ചെയ്യുകയുായി.

സഭാ മൂപ്പന്മാരിൽ ഒരാളായ ഹാസോംങ് ഓക്ക് ചോയെ നേരിൽ ക് ഈ അധാർമ്മികതയിൽ നിന്ന് പിന്മാറണമെന്ന് ഉപദേശിച്ചിട്ടും ഫലമുായില്ല. പാസ്റ്റർക്കെന്നല്ല **ഒരു വിശ്വാസിക്കുപോലും ചെയ്യാൻ പാടില്ലാത്ത വെട്ടിപ്പാണ് യോംഗി ചോ നടത്തിക്കൊിരുന്നത്.** ഇതിനിടയിൽ പോൾ യോംഗിചോ എന്ന പേര് മാറ്റി ഡേവിഡ് യോംഗി ചോ എന്നാക്കിയത് തട്ടിപ്പിന് പുകമറ സൃഷ്ടിക്കാനാണോ എന്ന സംശയവും ബാക്കി നിൽക്കുന്നു. കഴിഞ്ഞ 14 വർഷമായി ചോയെ ഓക്ക് തിരുത്താൻ ശ്രമിച്ചുകൊിരിക്കുകയായിരുന്നു. തട്ടിപ്പിൽ നിന്ന് പിന്മാറണമെന്നും പശ്ചാതപിച്ച് ദൈവസന്നിധിയിൽ വിധേയപ്പെടണമെന്നും സോങ് ഓക്ക് 14 വർഷം ഉപദേശിച്ചിട്ടും പണത്തിന്റെ മുൻപിൽ അദ്ദേഹം സകലതും മറക്കുകയാണുായത്. **താൻ നടന്ന വഴി ഓർക്കാനും തയ്യാറായില്ല.** അവസാനം രക്ഷയില്ലാതെയാണ് ഓക്കും സഭാ കമ്മിറ്റിയും ലോകത്തോടു പറയുവാൻ തീരുമാനിച്ചത്. അങ്ങനെയാണ് മാധ്യമലോകത്തെ അവർ കത്. സഭയ്ക്കകത്ത് പ്രശ്നം പരി ഹരിക്കാൻ ശ്രമിച്ചിട്ടും ചോ വഴങ്ങാത്തതുകൊാണ് വിശ്വാസികൾ കോടതിയെ ആശ്രയിച്ചത്.

അപ്പനും മകനും ജയിൽ ശിക്ഷ മാത്രം പോര 4.6 മില്യൻ ഡോളർ (30 കോടിയോളം രൂപ) തിരികെ സഭയ്ക്കു നൽകണം. നികുതി വെട്ടിപ്പ് നടത്തിയതിന് 3.2 മില്യൻ ഡോളർ (20 കോടിയോളം രൂപ) സർക്കാ രിനും നൽകണം. വ്യക്തികൾ ഒന്നും സ്വന്തമാക്കരുതെന്ന് ചോ നിരന്തരം സഭയിൽ പ്രസംഗിച്ചിരുന്നു.

ലോകത്തിൽ ഏറ്റവും കൂടുതൽ വിശ്വാസികളുള്ള അസംബ്ലീസ് ഓഫ് ഗോഡ് എന്ന പെന്തിക്കോസ്ത് പ്രസ്ഥാനത്തിന്റെ അഖില ലോക ചെയർമാൻ കൂടിയാണ് യോംഗി ചോ. 1500 മൂപ്പന്മാരിൽ 29 പേരാണ് കോട തിയിൽ ചോയ്ക്കെതിരെ നിയമനടപടി സ്വീകരിച്ചത്.

# യോംഗി ചോയ്ക്ക് പകരം ഹൂൺ

സഭയിൽ നിന്നും വിശ്വാസികളിൽ നിന്നുമായി 20 മില്യൻ ഡോളറിന്റെ തട്ടിപ്പ് നടത്തിയ യോംഗി ചോയ്ക്ക് പകരം ഹൂൺ സഭാ പാസ്റ്ററായി ചാർജ്ജെടുത്തു. ലോകത്തിലെ ഏറ്റവും വലിയ പ്രാദേശിക സഭയായ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് ദക്ഷിണ കൊറിയൻ തലസ്ഥാനമായ സിയോളിലാണ് സ്ഥിതി ചെയ്യുന്നത്. ചോയാണ് ഈ സഭ ആരംഭിച്ചത്. 10 ലക്ഷം അംഗങ്ങൾ ഉള്ളതായിട്ടാണ് വിവരം. 14 വർഷം മുമ്പു മുതലാണ് ചോ മോഷണം തുടങ്ങിയത്. ഏതാ് 120 കോടി രൂപയോളം സഭയിൽ നിന്നും വിശ്വാസികളിൽ നിന്നുമായി ചോ അടിച്ചുമാറ്റി. പ്രായാധിക്യം കണക്കാക്കിയും വലിയൊരു സമൂഹത്തിന്റെ ആദ്ധ്യാത്മീക നേതാവുമായിരുന്നു എന്ന നിലയിലാണ് വീട്ടുതടങ്കലിൽ പാർപ്പിച്ചിരിക്കുന്നത്.ആദ്യകാലങ്ങളിൽ ക്രൈസ്തവ വിശ്വാസത്തിന്റെ മുടിചൂടാമന്നന്മാരായിരുന്നു ഇവർ. **സഭകൾ ആൾക്കൂട്ടമായി മാറിയപ്പോൾ വിശുദ്ധിയും വേർപാടും അപ്രത്യക്ഷമായി. മില്യൺ കണക്കിന് ഡോളറുകൾ കാണിക്കപാത്രങ്ങളിൽ വീണു തുടങ്ങിയപ്പോൾ കണ്ണുമഞ്ഞളിച്ചു. കിട്ടുന്നതൊന്നും പോരാ എന്ന ചിന്ത പിശാച് മനസ്സിൽ കൊടുട്ടുകൊടുത്തു.** ജനക്കൂട്ടത്തിൽ നടുവിൽ സുരക്ഷ ഭടന്മാരുടെ കാവലിൽ നടന്നു നീങ്ങുന്നത് കാൽ രാഷ്ട്രത്തലവന്മാർ പോലും നാണിച്ചുപോകും. 'കള്ളൻ ചോ' കോട്ടയത്തു വന്നപ്പോൾ രു നിര കരിമ്പൂച്ചകളുടെ നടുവിലൂടെയാണ് സ്റ്റേജിലേക്ക് കയറി വന്നതും തിരികെ പോയതും. തച്ചന്റെ മകനായി ജനിച്ച് കിടക്കാൻ ഒരിഞ്ചുഭൂമിപോലും സ്വന്തമായി ഇല്ലാത്തവനായിരുന്ന എന്റെ കർത്താവ് നാഗമ്പടം മൈതാനത്ത് നിന്ന് ഇതെല്ലാം കാണുന്നുായിരുന്നു. ഉയർത്തെഴുന്നേറ്റ കർത്താവായതുകൊു കരഞ്ഞില്ലെന്നു കരുതാം; ഈ 'കള്ളനു' വേി നടത്തിയ നാഗമ്പടം പി.എഫ്.ഐ കൺവൻഷന്റെ പ്രമോക്ഷണൽ മീറ്റിംഗിൽ പങ്കെടുക്കാൻ കേരളം മുഴുവൻ ഓടി നടന്നതിൽ ഇന്ന് ലജ്ജയും  പശ്ചാത്താപവും തോന്നുന്നു. ഇയാൾക്കും കൂടെ വന്ന മംഗോളിയൻ ഗുകൾക്കും വേി കേരളത്തിലെ വിശ്വാസസമൂഹത്തെ ബോധവൽക്കരിച്ച് പങ്കെടുപ്പിക്കാൻ നടത്തിയ വടക്കൻ കേരള യാത്രകൾ ഓർക്കാതെ വയ്യ.

......................പി.സി.ഐ 2005 ൽ തിരുവല്ലയിൽ നടത്തിയ മെഗാക്രൂസേഡിൽ എന്ത് നേടി എന്നതിൽ ഇന്നും  ഉചിതമായൊരുത്തരമില്ല. **റോജർ ഹോസ്മാ** എന്ന കള്ളനായിരുന്നു അന്ന് തിരുവല്ലയിൽ 'അത്ഭുതം' നടത്തിയത്. ചെലവ് 42 ലക്ഷം. ഇയാളുടെ മകൻ സ്റ്റേജിൽ കാട്ടിക്കൂട്ടിയ വിക്രീയകൾ മറക്കാറായിട്ടില്ല. മാതൃഭൂമി ലേഖകനെ തള്ളിത്തെറിപ്പിച്ച ഹോസ്മയുടെ മകൻ അധികം കഴിയാതെ അത്ഭുതവിളയാട്ടവുമായി ബംഗ്ലൂരിൽ 'ജനിച്ചു' വീഴാനുള്ള സാദ്ധ്യതയും ചിലരുടെ 'പാലൂട്ടലുമൊക്കെ' നമുക്ക് കാത്തിരുന്നു കാണാം. പി.സി.ഐ ക്രൂസേഡിന് ആദ്യം 'അച്ചാരം' ഒപ്പിട്ടുതന്നത് ഘാനയിലെ ഒരു രാജാവായിരുന്നു. രാജമന്നനേക്കാൾ അൽപ്പംകൂടി മുഴുത്ത രാജാവ്. ഡിമാന്റ് രാജാവിനും 20 കിങ്കരന്മാർക്കും കൂടി പ്ലെയിൻ ടിക്കറ്റ് നൽകണം. ഭക്ഷണവും താമസസൗകര്യവും പഞ്ചനക്ഷത്ര ഹോട്ടലിൽ. മടങ്ങിപോകുമ്പോൾ കൈമടക്കുവേറെയും. അത് കോടിയോ ലക്ഷങ്ങളോ ആകാം. ആശാനു സ്വന്തമായി ജെറ്റ് പ്ലെയിൻ ഉന്നെ് കേട്ടപ്പോൾ ഇത്തിരി ആശ്ചര്യം എന്നിലും ജനിച്ചു. ഒടുവിൽ നടന്ന എന്റെ വിദേശ സഞ്ചാരത്തിലാണ് ഗുട്ടൻസ് പിടികിട്ടിയത്. വികസിത രാജ്യങ്ങളിൽ കൃഷിക്കാർ പോലും ഫാമിലേക്കു പോകുന്നത് നാലോ അഞ്ചോ പേർ കയറുന്ന ചെറുവിമാനങ്ങളിലാണ്. വൻകിട കച്ചവടക്കാർ, ഉദ്യോഗസ്ഥർ, വ്യവസായികൾ എന്നിവർക്കൊക്കെ ചെറുതും വലുതുമായ ധാരാളം വിമാനങ്ങളുള്ളവരാണ്. പിന്നൊരു കള്ളനാണ് **റെയ്നാർഡ് ബോങ്കെ**. മന്ത്രവാദത്തിന്റെ ഉപവകുപ്പുകളായ ഊതിവീഴ്ത്തലും തള്ളിവീഴ്ത്തലും, പൊട്ടിച്ചിരിയും, അട്ടഹാസവും, കരച്ചിലുമൊന്നും ഈ തട്ടിപ്പുവീരൻ ഇതുവരെ പ്രയോഗിച്ചിട്ടില്ല. മരിച്ച് 4 ദിവസം കഴിഞ്ഞ ദാനിയേൽ ഏക്കച്ചിക്കുവാ എന്ന കൊറിയക്കാരനെ ബോങ്കെയും ബെൻഹിന്നും കൂടി പ്രാർത്ഥിച്ച് ഉയർപ്പിച്ചു എന്ന് ഒരു നൈജീരിയൻ പത്രം എഴുതിയിരുന്നു. അതിനെ ആധാരമാക്കി ന്യൂ സ്റ്റോറി ഉാക്കി ക്രൈസ്തവചിന്തയിൽ പ്രസിദ്ധീകരിക്കേി വന്നതിൽ ഇന്ന് ദുഃഖിക്കുന്നു. അത്രമാത്രം വിദഗ്ദമായിട്ടായിരുന്നു എക്കച്ചുക്കാവായുടെ ജീർണ്ണിച്ച പടവും, ഉയർത്തെഴുന്നേറ്റ മോർഫ് ചെയ്ത **ചിത്രവും കാട്ടി ലോകത്തെ കബളിപ്പിച്ചത്.** യുക്തിവാദിയുടെ എഡിറ്റർ സനൽ ഇടമറുക് ക്രൈസ്തവചിന്തയോട് തേരാളി വഴി ചോദിച്ച ചോദ്യം ഇന്നും മറുപടി ഇല്ലാതെ നിൽക്കുന്നു.

മറ്റൊരു കള്ളനാണ് **മോറീസ് സെറുല്ലോ**. ഒരു മാതാവ് മുട്ടുവരെ മാത്രം കാലുള്ള മകനെ ഒക്കത്തിരുത്തി ഒരു ജോഡി ഷൂവുമായി മോറീസിന്റെ അടുത്തുചെന്നുവത്രേ. അമ്മയുടെ വിശ്വാസതീഷ്ണത ക

മോറീസ് പ്രാർത്ഥിച്ചു. കാൽമുട്ടുകൾ താഴേക്കു നിമിഷം നേരം കൊു നീുവെന്നും ഷൂയിട്ടു കൊാണ് കുട്ടിയും മാതാവും വീട്ടിലേക്ക് **മടങ്ങിയെന്നുമാണ് കഥ.** ദൈവത്തിന് അത്ഭുതം നടത്താൻ കഴിയും എന്ന തിന് സംശയമില്ല. കുറഞ്ഞപക്ഷം കുട്ടിയെ ചികിത്സിച്ച ഡോക്ടർമാർ, അയൽക്കാർ, പോലീസ് വിഭാഗം, അംഗ വൈകല്യമുള്ളവരെ പരിപാലിക്കുന്ന സർക്കാർ ഏജൻസികൾ തുടങ്ങിയവരാരെങ്കിലും ഇതിന് തെളിവുമായി നമ്മുടെ മുമ്പിൽ നിൽക്കെ. ഇപ്പോൾ ഇതെല്ലാം തന്ത്രപരമായി ആധുനിക **വാർത്താവിനിമയ ഉപാധികൾ വഴി പടച്ചുവിടുന്ന ഭോഷ്കിന്റെ വാർത്തകളാണ്.** കോട്ടയത്ത് 15 മിനിറ്റ് നേരത്തേക്കു മരിച്ച കുഞ്ഞിനെ ഒരുത്തൻ ജീവിപ്പിച്ചല്ലോ. പിന്നൊരുവനു് മഹാനായ **ബെൻഹിൻ**. ഇവന് പരവതാനി വിരിക്കുന്ന **ബാംഗ്ലൂരിലെ പെന്തെക്കോസ്തു യോഗീശ്വരന്മാർ നന്നാകില്ല നന്നാകുന്ന ലക്ഷണവുമില്ല. പണത്തോടുള്ള ആർത്തിമൂത്താൽ അതൊരുവന് ദുരന്തത്തിന്റെ പര്യവസാനമായിരിക്കും ഫലം.** മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ പരിഹാരമായി സാക്ഷാൽ ദൈവമായവൻ മനുഷ്യനായി വന്നു മരിച്ചു ഉയർത്തെഴുന്നേറ്റു. അവനിൽ വിശ്വസിക്കുന്ന വിശുദ്ധന്മാർക്കാണ്നിത്യജീവൻ.ഇതാണ് ക്രിസ്ത്യാനിറ്റിയുടെ ആകെ തുക. നന്ദി: ക്രൈസ്തവചിന്ത

വാർത്തകൾ വാർത്തകൾ

## മാതൃകാനഷ്ടപരിഹാരം

ഡോ:ഗുണാൽസാഹാ ഇദ്ദേഹം ഒരു ഇൻഡ്യാക്കാരൻ. ഇദ്ദേഹം അമേരിക്കയിൽ ഒഹിയോ സംസ്ഥാനത്തിൽ ഡോക്ടർ ആയി ജോലി ചെയ്യുന്നു. അവധിക്കു തന്റെ ഭാര്യ അനുരാധയോടൊപ്പം സ്വദേശമായ കൊൽക്കൊത്തയിൽ ഉള്ള സ്വന്തസ്ഥലമായ വീട്ടിൽ വന്നു. വന്ന സ്ഥലത്തിൽ ഭാര്യയ്ക്കു സാധാരണ ജലദോഷം പിടിപെട്ടു. കഫം, വലിവു ഇവയോടൊപ്പം പനിയും ഉായി. അടുത്തായി കൊൽക്കൊത്തയിൽ ഉള്ള പ്രൈവറ്റ് ആശുപത്രിയിൽ അയച്ചു. അവിടുായിരുന്ന ഡോക്ടർമാർ അവരെ ശരിയായി ശ്രദ്ധിക്കാതെ അലക്ഷ്യമായി സാധാരണ പനി, ജലദോഷം, ടാക്സിക് എപ്പിടെർമൽനെക്രോലിസി എന്നു വിളിക്കപ്പെടുന്ന രോഗമായി മാറി. നില വളരെ മോശമായി. അതുകൊു കൊൽക്കൊത്തയിൽ നിന്നു മുംബൈയിൽ ഉള്ള വളരെ നല്ല ഉയർന്ന നിലവാരമുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെയുള്ള ഡോക്ടർമാർ പലവിധത്തിലുള്ള കഠിന പരിശ്രമം ചെയ്തിട്ടും അദ്ദേഹത്തിന്റെ ഭാര്യയെ സൗഖ്യമാക്കാൻ സാധിക്കാതെ അവർ മരിച്ചുപോയി. സാധാരണക്കാർ മറ്റു മനുഷ്യർ അവളുടെ വിധിതീർന്നു എന്നു പറയും. ക്രൈസ്തവർ ഇതു ദൈവഹിതം എന്നു പറയും. എന്നാൽ മരിച്ച അനുരാധയുടെ ഭർത്താവു ഡോ: ഗുണാൽ ഒരു പഠിത്തമുള്ള ഡോക്ടർ ആയതിനാൽ എല്ലാവരും സാധാരണ ജലദോഷം എങ്ങനെ എന്റെ ഭാര്യയെ മരണംവരെ കൊുപോയി എന്നു ചിന്തിച്ചു. ഡോക്ടർ തന്റെ മരിച്ച ഭാര്യയെ പുനപരിശോധനയ്ക്കു വിധേയയാക്കാൻ കോടതിയെ സമീപിച്ചു. കോടതി അതു അനുവദിച്ചു. അപ്പോഴാണു സാധാരണ വൈദ്യശാസ്ത്രത്തിൽ സൌഖ്യമാക്കാൻ സാധിക്കയില്ല എന്ന നിലയിൽ ഉള്ള രോഗിക്കു അവസാനമായി കൊടുക്കുന്ന മരുന്നായ വളരെ ശക്തി കൂടിയ **സ്റ്റെറായിഡ്** എന്ന മരുന്നു അളവിൽ കൂടുതലായി രക്തത്തിൽ ചെലുത്തിയതിനാലാണു അനുരാധയുടെ നില വിപരീതമായതു എന്നു എല്ലാ പരിശോധനകളും ഉറപ്പാക്കി. ഉടനേ ഡോക്ടർ ഗുണാൽ ആദ്യമായി ഭാര്യയെ ചികിത്സിച്ച കൊൽക്കത്താ പ്രൈവറ്റ് ആശുപത്രിക്കെതിരായി, കോടതിയിൽ മരണനഷ്ട പരിഹാരത്തിന് അപേക്ഷിച്ചു. തന്റെ ഭാര്യയെ ചികിത്സിച്ച കൊൽക്കത്ത ഡോക്ടർമാർക്കെതിരായി തന്റെ ഭാര്യ മരിച്ചതു അവിടുള്ള ഡോക്ടർമാരുടെ അശ്രദ്ധമൂലമാണെന്നും അതു ക്ഷമിക്കപ്പെടാൻ സാധിക്കാത്ത കുറ്റമാണെന്നും അദ്ദേഹം വാദിച്ചു. ഇദ്ദേഹം അമേരിക്കയിൽ ഡോക്ടർ ആയി ജോലി ചെയ്തുകൊിരിക്കുന്നതിനാൽ കോടതി ആവശ്യപ്പെടുമ്പോഴെല്ലാം തന്റെ മാതൃരാജ്യമായ ഇൻഡ്യയിൽ വരാൻ സാധിക്കയില്ല. അതുകൊു ഈ കേസ് 15 വർഷങ്ങൾ നീുപോയി. അവസാനം ഇദ്ദേഹം സുപ്രീം കോടതിയെ സമീപിച്ചു. 15 വർഷങ്ങൾക്കുശേഷം നീതി ലഭിച്ചു; ന്യായം ലഭിച്ചു. കേസിൽ ജയം ലഭിച്ചു. എന്നാൽ സാധാരണ കഫം, ശ്വാസം മുട്ടൽ എന്നിവയാൽ മരിച്ചുപോയ ഭാര്യ ജീവിക്കയില്ലല്ലോ. എന്നാലും ലോകത്തിനു ഈ വാർത്ത പ്രത്യേകിച്ചു ഇൻഡ്യൻ ജനതയ്ക്കു ഒരു നിദ്രാമയക്കം വിട്ടുള്ള ഉണർവ്വും ഇൻഡ്യയിലെ ഡോക്ടർമാരുടെ അശ്രദ്ധയ്ക്കു കഠിനമായ ഒരു മുന്നറിയിപ്പുമായിത്തീർന്നു. നമ്മുടെ സുപ്രീം കോടതി കൊടുത്ത വിധി എന്താണെന്നറിയാമോ? മരിച്ചുപോയ അനുരാധയുടെ ഭർത്താവു ഡോ:ഗുണാലുവിനു ആ പ്രത്യേക ആശുപത്രിയും ഡോക്ടർമാരും സുമാർ ആറുകോടി രൂപ നഷ്ടപരിഹാരമായി കൊടുക്കണം എന്നായിരുന്നു. അതനുസരിച്ചു ആറുകോടി രൂപ ലഭിച്ചു. സുപ്രീം കോടതി തീരുമാനത്തെ പ്രശംസിക്കുന്നു.

# മഹാത്മാഗാന്ധിയെ കൊന്നതു ആർ.എസ്.എസ് സംഘടന

മഹാത്മാഗാന്ധിയെ കൊലചെയ്തതു ആർ.എസ്.എസ് എന്ന ഹിന്ദുമത തീവ്രവാദസംഘടന ആയിരുന്നു എന്നു 6.03.2014 ൽ മഹാരാഷ്ട്ര സംസ്ഥാനത്തിൽ **താനെ** എന്ന സ്ഥലത്തിൽ നടന്ന ഒരു വലിയ പൊതുകൂട്ടത്തിൽ **രാഹുൽഗാന്ധി** അറിയിച്ചു.

ചില വർഷങ്ങൾക്കുമുമ്പു ദിഗ്‌വിജയ് സിംഗ് അവർകളും ആർ.എസ്.എസ് സംഘക്കാരാണു മഹാത്മാഗാന്ധി അവർകളെ **കൊന്നു** എന്നറിയിച്ചിരുന്നു.

**മഹാത്മാഗാന്ധി** അവർകളെ കൊന്നതു **നാഥുറാം ഗോഡ്സേ** എന്ന വ്യക്തി ആകുന്നു. ഇദ്ദേഹം ആർ.എസ്.എസ് എന്ന **ഹിന്ദുമത തീവ്രവാദ** സംഘടനയിലെ വ്യക്തി എന്നതു ജഡ്ജി കോഷ്‌ലാ, ജഡ്ജി കപൂർ എന്നിവർ അന്നു നടത്തിയ വിചാരണയിൽ അറിയിച്ചതായി പറയുന്നു.

(തെളിവു: 1998 ജനുവരി മാസ ഔട്ട് ലുക്ക് മാസിക)

മഹാത്മാഗാന്ധിയുടെ കൊലയ്ക്കുശേഷം കോടതിയിൽ ഗോഡ്സേ കൊടുത്ത സ്റ്റേറ്റുമെന്റ്: **ഞാൻ ആർ.എസ്.എസ് ൽ ജോലി ചെയ്തു**. അതിനുശേഷം ഹിന്ദുമഹാസഭയിൽ ചേർന്നു അതിന്റെ പഴയ **ഹിന്ദു കൊടിയുടെ കീഴിൽ** ഒരു വീരനായി **പോരാടാൻ** എന്നെ ഞാൻ സമർപ്പിച്ചു.

1948 ൽ ഫെബ്രുവരി മാസം 4–ാം തീയതി **ജവഹർലാൽ നെഹ്റു** അവർകൾ പ്രധാനമന്ത്രിയായിരുന്നപ്പോൾ ആർ.എസ്.എസ് തീവ്രവാദപ്രസ്ഥാനത്തെ തടഞ്ഞുകൊു ഉത്തരവു പുറപ്പെടുവിച്ചു. അപ്പോൾ മഹാത്മാഗാന്ധി അവർകളുടെ കൊലപാതകത്തിൽ **ആർ.എസ്.എസ് പ്രസ്ഥാനത്തിനു ബന്ധം ഉു.** അതു കൊു **ആർ.എസ്.എസ് പ്രസ്ഥാനത്തെ ഇൻഡ്യമുഴുവനിലും നിരോധിക്കപ്പെടുന്നു** എന്നു **ഇൻഡ്യാ ഗവൺമെന്റു അധികാരികമായി അറിയിച്ചു.**

ആർ.എസ്.എസ് എന്ന പ്രസ്ഥാനം ഗാന്ധിജിയുടെ നയമായി അറിയിക്കപ്പെട്ട **പാക്കിസ്ഥാനോടുള്ള ഇൻഡ്യയുടെ ബന്ധത്തിൽ** തങ്ങൾക്കു എതിർപ്പ് ഉന്നെ് അറിയിച്ചു.

**മുസ്ലീം** ജനങ്ങൾ നിറഞ്ഞ **പാകിസ്ഥാനോടു** ഗാന്ധിജിയുടെ **സമീപനരീതി തെറ്റായതു എന്നു** അറിയിച്ചു. ആർ.എസ്.എസ് പ്രസ്ഥാനം അന്നു തന്നെ ഗാന്ധിജിക്കു എതിരായി **സമരങ്ങൾ** നടത്തി. (ജസ്റ്റിസ് കപൂറിന്റെ വിചാരണപ്രസ്താവനയിൽ 2–ാം ഭാഗം 62–ാം പേജ്).

2000 ജനുവരി മാസത്തെ STATESMAN എന്ന ഇംഗ്ലീഷുദിനപത്രത്തിൽ മഹാത്മാഗാന്ധിയുടെ കൊലപാതകത്തിൽ **ആർ.എസ്.എസ് പ്രസ്ഥാനത്തിനു** ബന്ധം ഉള്ളതായി പ്രബലപത്രാധിപർ **എ.ജി. നൂറാണി** എന്ന വ്യക്തി ഒരു ലേഖനം എഴുതിയിരുന്നു.

## ഗാന്ധിജി മരിച്ചപ്പോൾ ഹരേറാം എന്നു പറഞ്ഞില്ല

**മഹാത്മാഗാന്ധി** അവർകൾ കൊല ചെയ്യപ്പെട്ടപ്പോൾ ജനങ്ങൾ അവിടെയും ഇവിടെയും ഓടി. ബഹളം അടങ്ങി സുമാർ 20 മിനിറ്റു കഴിഞ്ഞു **ഗാന്ധിജിയെ** ഓടിവന്നു നോക്കി. അതിനുള്ളിൽ ഗാന്ധിജിയുടെ ജീവൻ പിരിഞ്ഞു. അദ്ദേഹത്തിന്റെ ജീവൻ പോയപ്പോൾ അദ്ദേഹത്തിന്റെ വായിൽ നിന്നു ഏതു ശബ്ദം പുറത്തുവന്നു എന്നു ആർക്കും അറിയാൻ പാടില്ല. കാരണം അദ്ദേഹത്തിന്റെ ജീവൻ പോകുമ്പോൾ അടുത്തു ആരും ഉായിരുന്നില്ല. എന്നാൽ ഹിന്ദുമത **തീവ്രഭക്തരിൽ** ചിലർ **മഹാത്മാഗാന്ധി** മരിച്ചപ്പോൾ **ഹരേറാം** എന്നു പറഞ്ഞതായി അവരായി തന്നെ അറിയിച്ചു ചരിത്രം എഴുതി.

# *KUMBAKONAM UNION CONVENTION*
## തമിഴ്നാട് കുംഭകോണം ആത്മീയ ഐക്യകൂട്ടങ്ങൾ



Assembly of Jesus Christ സഭാമൈതാനത്തിൽ പെന്തക്കോസ്തു സഭാപാസ്റ്റർ സി. ജ്ഞാനദാസ് അവർകളുടെ നേതൃത്വത്തിൽ എല്ലാ കൂട്ടങ്ങളും വളരെ ആശീർവാദമായി നടന്നു. IPC CHURCH, WME Church പാസ്റ്റർമാരും സഭാജനങ്ങളും ഈ കൂട്ടങ്ങളിൽ ധാരാളമായി പങ്കെടുത്തു. ഞാൻ രാവിലെ ഉള്ള ആരാധനയ്ക്കു WME പെന്തക്കോസ്തു സഭയിലും IPC പെന്തക്കോസ്തു സഭകളിലും പ്രസംഗിച്ചു.

കുംഭകോണം **ഡോ:മഹാനി** അവർകളും കിംഗ്ബേക്കറി ഉടമസ്ഥൻ **ശ്രീ. സുന്ദർസിംഗ്** അവർകളും ഹിന്ദു വിഗ്രഹങ്ങൾ നിറഞ്ഞ തമിഴ്നാട്ടിലെ കുംഭകോണം എന്ന സ്ഥലത്തിൽ എന്നെ വച്ചു പൊതുകൂട്ടങ്ങൾ ഏർപ്പാടു ചെയ്തു അവരോടു യേശുവിനെ അറിയിക്കണം എന്ന ഭാരത്തോടെ പല വർഷങ്ങളായി എന്നോടു തിയതി ചോദിച്ചു പല തവണ ഫോണിലൂടെയും പരിശ്രമിച്ചു. സി.എസ്.ഐ സഭമൂലം ഈ കൂട്ട ഏർപ്പാടുകൾ നടത്താൻ നന്നായി പരിശ്രമിച്ചു കുംഭകോണം സി.എസ്.ഐ സഭാ അച്ചന്മാരും മറ്റു അച്ചന്മാരും ഈ കൂട്ടങ്ങൾ നടത്താൻ ഉത്സാഹം കാണിക്കാത്തതിനാൽ പെന്തക്കോസ്തു സഭാപാസ്റ്റർമാരെ സമീപിച്ചു അവരുടെ സ്വന്തമായ മൈതാനത്തിൽ കൂട്ട ഏർപ്പാടുകൾ ചെയ്തു. ജാമക്കാരൻ മാസികയിൽ പെന്തക്കോസ്തു സഭാ ഉപദേശസംബന്ധമായ അഭിപ്രായവ്യത്യാസം ഉായിരുന്നാലും എന്നിലൂടെ വേദപാഠം നടത്തപ്പെടുന്നതിനെ നേതൃത്വത്തിലുള്ള പാസ്റ്റർമാർ താല്പര്യപ്പെട്ടതിനാൽ പാസ്റ്റർമാർ തങ്ങളുടെ പൂർണ്ണസഹകരണവും നൽകി.

കുംഭകോണത്തുള്ള ജനങ്ങളും ക്രൈസ്തവരും ഈ കൂട്ടങ്ങൾ മൂലം ആത്മീയ രഹസ്യങ്ങൾ അറിഞ്ഞു അവരുടെ അറിവിലും വചനത്തിലും വളരാൻ കാരണമായി. സഹകരിച്ച എല്ലാ പെന്തക്കോസ്തു പാസ്റ്റർമാരെയും ഞാൻ വാഴ്ത്തുന്നു.

ഈ കൂട്ട ഏർപ്പാടുകൾക്കായി ലക്ഷക്കണക്കായ തുക ചെലവഴിച്ച കിംഗ്ബേക്കറി ഉടമ **ശ്രീ.സുന്ദർസിംഗ്** കുംഭകോണത്തിൽ പല വർഷങ്ങളായി എന്നെ വച്ചു സി.എസ്.ഐ യിലും ലൂഥറൻ സഭയിലും കൂട്ടങ്ങൾ നടത്താൻ കാരണമായിരുന്ന പ്രബല **ഡോ. മഹനി** അവർകളെയും ഞാൻ വാഴ്ത്തുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

# SALEM - CSI IMMANUEL CHURCH - HASTHAMPATTI
## (COIMBATORE CSI DIOCESE)








**സേലം** പട്ടണത്തിൽ ഹസ്തംപട്ടിയിൽ ഉള്ള സി.എസ്.ഐ ഇമ്മാനുവേൽ ചർച്ചിൽ മൂന്നുദിവസത്തെ നോമ്പു കാല ആത്മീയ കൂട്ടങ്ങൾ നടന്നു. ഈ സഭയിലെ നോമ്പുകാല ആദ്യകൂട്ടങ്ങൾ എന്റേതായിരുന്നു. ഈ ആല യത്തിൽ അച്ചനായിരിക്കുന്ന റവ. അഖിലൻ അവർകളും സഭക്കമ്മിറ്റി അംഗങ്ങളും വളരെ നല്ലവണ്ണം കൂട്ട ങ്ങൾ ക്രമീകരിച്ചിരുന്നു. ഇവിടെ വേദവചനാനുസൃതം ഞാൻ പറഞ്ഞ ആലോചനകൾ സഭാജനങ്ങൾക്കു വളരെ പ്രയോജനകരമായിരുന്നതായും ഇതുപോലുള്ള പ്രസംഗങ്ങൾ അവർ ഇതുവരെ കേട്ടിട്ടില്ല എന്നും വീണ്ടും ഞങ്ങളുടെ സഭയിൽ വന്നു പ്രസംഗിക്കണമെന്നു സഭാജനങ്ങൾ വളരെ താല്പര്യത്തോടെ ആവശ്യപ്പെട്ടതു വളരെ സന്തോഷകരമായിരുന്നു. മാത്രവുമല്ല ഓരോ പ്രസംഗങ്ങളും വീഡിയോയിൽ റെക്കാർഡു ചെയ്തു വിനിയോഗിച്ചതിനാൽ അതുമുഖാന്തിരം കൂട്ടത്തിൽ സംബന്ധിക്കാത്ത ആയിരക്കണക്കായ ജനങ്ങൾ ആ പ്രസം ഗങ്ങൾ കേട്ടു പ്രയോജനപ്പെട്ടു. എന്റെ **സ്വന്തസ്ഥലമായ സേലം** പട്ടണത്തിൽ തന്നെ എന്നെ വച്ചു ഇത്ര നല്ല കൂട്ട ഏർപ്പാടുകൾ ചെയ്തതു ഇതാണു ആദ്യത്തേതു. ഞാൻ കുഞ്ഞായിരുന്ന കാലം മുതൽ വളർന്ന എന്റെ സ്വന്തസ്ഥലത്തിൽ കർത്താവിന്റെ നാമം എന്നിലൂടെ മഹത്വപ്പെട്ടതു എന്റെ മനസ്സിനു വളരെ സന്തോഷമായി രുന്നു. കർത്താവിനു തന്നെ മഹത്വം. ആമേൻ.

# COIMBATORE CSI DIOCESE
# CHRIST CHURCH (TRICHY ROAD)








കോയമ്പത്തൂർ ട്രിച്ചി റോഡിലുള്ള **ക്രൈസ്റ്റ് ചർച്ച്** സഭയിൽ ഈ കൂട്ടങ്ങൾ റവ. E. Ebanezer Mani അവർകളും, സഹഅച്ചൻ Rev. C. Jeri Rajkumar അവർകളും കൂട്ട ഏർപ്പാടുകൾ വളരെ നന്നായി ചെയ്തിരുന്നു. ഈ കൂട്ടങ്ങൾ സഭാ കാമ്പൗിൽ ഏർപ്പാടു ചെയ്തു ഓരോ പ്രസംഗത്തിന്റെയും വീഡിയോ എടുത്തു. ഈ കൂട്ടങ്ങളിൽ പല സഭകളിൽ നിന്നും ധാരാളം ജനങ്ങൾ സംബന്ധിച്ചിരുന്നു. ആ പ്രസംഗങ്ങൾ എല്ലാം ഇപ്പോഴും ഇന്റർനെറ്റിൽ YouTube വഴിയായി പരസ്യപ്പെടുത്തിയതു റെക്കാർഡു ചെയ്തതുകൊു ലോകത്തിൽ ലക്ഷക്കണക്കായ ജനങ്ങൾ ആ പ്രസംഗങ്ങൾ കും കേട്ടും വളരെ പ്രയോജനപ്പെടുത്തി. പ്രയോജനപ്പെട്ടവരിൽ നിന്നു ധാരാളം കത്തുകൾ വന്നുകൊിരിക്കുന്നു. ഈ നല്ല ഏർപ്പാടു ഈ സഭയിലെ ഭാരവാഹികൾ ചെയ്തിരുന്നു. **കോയമ്പത്തൂർ ക്രൈസ്റ്റ് ചർച്ചിലെ** പ്രസംഗങ്ങൾ പലരുടെ മനസ്സിനെ ചലിപ്പിച്ചു. വ്യാജ ഉപദേശങ്ങളെക്കുറിച്ചു ഞാൻപ്രസംഗിച്ചതു പലർക്കും ജാഗ്രതാബോധം ഉാക്കി. ദൈവത്തിനു തന്നെ മഹത്വം ഉാകട്ടെ.

# TIRUNELVELI CSI DIOCESE - MANGUDI CONVENTION








തിരുനെൽവേലി സി.എസ്.ഐ ഡയോസിസിൽ മാങ്കുടി എന്ന സ്ഥലത്തിൽ നടന്ന കൂട്ടങ്ങൾ ആശീർവാദമായി നടന്നു. Rev.Livingaston Rajadurai അവർകൾ കൂട്ട ഏർപ്പാടുകൾ ചെയ്തിരുന്നു. അടുത്തുള്ള സ്ഥലങ്ങളിൽ നിന്നു ധാരാളം പേർ വാനുകളിൽ വന്നു പ്രസംഗം കേട്ടു ഓരോ രാത്രിയും തങ്ങളുടെ സ്ഥലത്തേക്കു തിരിച്ചുപോയി. ഓരോ നാളിലെയും കൂട്ടങ്ങൾആശീർവാദമായിരുന്നു.ദൈവത്തിനു തന്നെ മഹത്വം ഉാകട്ടെ.

വാഴ്ത്തുന്നു

സ്വാഗതം ചെയ്യുന്നു



## ഇൻഡ്യയുടെ പ്രധാനമന്ത്രി നരേന്ദ്രമോദിയെ വാഴ്ത്തുന്നു

ഇൻഡ്യയുടെ 15-ാമത്തെ പ്രധാനമന്ത്രിയായ ആർ.എസ്.എസ് തീവ്രഅംഗമായും ഹൈന്ദവ മതവൈരാഗ്യം ഉള്ളതുമായതും എല്ലാവരാലും നല്ല ഭരണാധികാരി എന്നു പറയപ്പെടുന്ന നരേന്ദ്രമോദി അവർകൾക്കായി വായനക്കാരുടെ പേരിലും എന്റെ പേരിലും വാഴ്ത്തുന്നു.

ഇൻഡ്യയിൽ പല മതവിശ്വാസികൾ നിറഞ്ഞ കോടിക്കണക്കായ ജനങ്ങളെയും അവരുടെ മതങ്ങളെയും ബഹുമാനിച്ചു മുഖപക്ഷം കൂടാതെ രാജ്യത്തെ മുന്നോട്ടു നയിക്കാൻ നരേന്ദ്രമോദി അവർകൾക്കായി നമുക്കെല്ലാം പ്രാർത്ഥിക്കാം.

ഹൈന്ദവരല്ലാത്ത മറ്റുമതക്കാരുടെ മനസ്സിൽ മോദി അവർകളുടെ ഭരണത്തിൽ മതലഹള ഉാകുമോ എന്ന സംശയവും പേടിയും മോദി അവർകൾ മാറ്റും എന്നു നമുക്കു പ്രതീക്ഷിക്കാം. അതിനായി നമുക്കു പ്രാർത്ഥിക്കാം.

**MAY 2014**

# Printed Book/Book Post

To

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at Priya Pathipagam,197.LIC Colony, Salem-636 004
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.